بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദ്ർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

വാള്യം 1

ലക്കം 2

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadarqadian.in

2016 മാർച്ച് 17 വ്യാഴം/ഹി:ശം:1395 അമാൻ 17/ഹി:ഖ: 1437 ജ:ആഖർ 14

## അഹ്മദിയ്യാ വാർത്ത

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീ ൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അൽഹംദുലില്ലാഹ്. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ.

اَللّٰھُمَّ اَیِّدْ اِمَامَنَا بِرُوْحِ الْقُدُسِ وَبَارِکْ
لَنَا فِیْ عُمُرِہٖ وَاَمْرِہٖ.

**അല്ലാഹു ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ ആ വ്യക്തി നബി(സ)തിരുമേനിയെ സ്നേഹിക്കണമെന്ന നിബന്ധന വച്ചിരിക്കുന്നു. ഇതാണ് ഈ വിവരണങ്ങൾകൊണ്ടെല്ലാം നാം ഉദ്ദേശിക്കുന്നത്. നബി(സ) തിരുമേനിയെ സത്യഹൃദയത്തോടെ പിന്തുടരുകയും ആ മഹാത്മാവിനെ സ്നേഹിക്കുകയും ചെയ്യുമ്പോൾ അത് അവനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു എന്നത് എന്റെ സ്വന്തം അനുഭവമാണ്.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

“നബി(സ)തിരുമേനിയെ സത്യസന്ധവും പരിപൂർണവുമായി പിൻപറ്റിയതിനു ശേഷം എല്ലാ കാര്യത്തെക്കാളും മുമ്പേ മനസ്സിലുണ്ടാകുന്നത് എന്താണെന്നതും ഞാൻ ഇവിടെ പറയുകയാണ്. ഓർക്കുക! അത് ഖൽബെ സലീം-സ്വതന്ത്ര മനസ്സാണ്. അതായത് മനസ്സിൽനിന്ന് ദുൻയാവിനോടുള്ള സ്നേഹം പുറത്തുപോകുകയും അതൊരു അനശ്വരവും ശാശ്വതവുമായ അഭിരുചി തേടുകയും ചെയ്യുന്നു. ഇതിനുശേഷം ഈ സ്വതന്ത്രമനസ്സു കാരണത്താൽ, തെളിഞ്ഞതും പരിപൂർണവുമായ ദൈവസ്നേഹം ലഭിക്കുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും നബി(സ) തിരുമേനിയെ അനുധാവനം ചെയ്യുന്നതുകൊണ്ട് അനന്തരാവകാശമെന്ന നിലയ്ക്കാണ് ലഭിക്കുന്നത്. അല്ലാഹു പറയുന്നു: ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് അവരോടു പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവരാണെങ്കിൽ വരിക എന്നെ പിൻപറ്റുക; അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതിനുവേണ്ടി. എന്നാൽ, ഒരു ഭാഗത്തേക്കുള്ള സ്നേഹത്തിന്റെ വാദം തികച്ചും കളവും വാചകമടിയുമാണ്. മനുഷ്യൻ സത്യമായ നിലയിൽ അല്ലാഹുവിനെ സ്നേഹിക്കുമ്പോൾ അല്ലാഹുവും അവനെ സ്നേഹിക്കുന്നു. അപ്പോൾ ഭൂമിയിൽ അവനുവേണ്ടി ഒരു സ്വീകാര്യത വിരിക്കപ്പെടുന്നു. ആയിരക്കണക്കിനു മനുഷ്യരുടെ മനസ്സുകളിൽ അവന്റെ സത്യമായ സ്നേഹം ഇടപ്പെടുന്നു. ഒരു ആകർഷണശക്തി അവനു സഹായമായുണ്ടാകുന്നു. ഒരു പ്രകാശം അവന് നലകപ്പെടുന്നു. അതെപ്പോഴും അവനോടൊപ്പമുണ്ടാകും. ഒരു മനുഷ്യൻ സത്യഹൃദയത്തോടെ അല്ലാഹുവിനെ സ്നേഹിക്കുകയും മുഴുലോകത്തിന്റേയുംമേൽ അവനെ സ്വീകരിക്കുകയും അന്യദൈവങ്ങളുടെ മഹത്ത്വവും ഭയവും അവന്റെ മനസ്സിൽ അവശേഷിക്കാതിരിക്കുകയും എന്നല്ല എല്ലാത്തിനേയും ചത്ത കീടത്തെക്കാൾ മോശമായി മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവന്റെ മനസ്സിനെ കാണുന്ന അല്ലാഹു ബൃഹത്തായ ദിവ്യജ്യോതിസ്സോടുകൂടി അവനിൽ ഇറങ്ങുന്നു. സൂര്യന് അഭിമുഖമായി വെക്കുന്ന ഒരു തെളിഞ്ഞ കണ്ണാടിയിൽ സൂര്യന്റെ പ്രതിബിംബം പരിപൂർണമായ നിലയിൽ പതിയുമ്പോൾ അതിനെ പ്രതികാത്മകവും ആലങ്കാരികവുമായ നിലയിൽ ആകാശത്തിലുള്ള ആ സൂര്യൻതന്നെയാണ് ഈ കണ്ണാടിയിലുമുള്ളതെന്ന് പറയാവുന്നതുപോലെ ദൈവം അത്തരം മനസ്സിൽ ഇറങ്ങുകയും ആ മനസ്സിനെ തന്റെ അർശാക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മുൻഗ്രന്ഥങ്ങളിൽ സമ്പൂർണരായ സാത്വികർ ദൈവത്തിന്റെ മക്കളായി വിവരിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ അർഥവും യഥാർഥത്തിൽ ദൈവത്തിന് മക്കളുണ്ടെന്നല്ല. കാരണം അത് അവിശ്വാസമാണ്. ദൈവം ആൺമക്കളിൽനിന്നും പെൺമക്കളിൽനിന്നും പരിശുദ്ധനാണ്. ഇതിന്റെ അർഥം ആ സമ്പൂർണരായ സാത്വികരുടെ തെളിമയാർന്ന കണ്ണാടിയിൽ പ്രതിബിംബാത്മകമായി അല്ലാഹു ഇറങ്ങിയിരുന്നുവെന്നാണ്. കണ്ണാടിയിൽ വെളിപ്പെടുന്ന ഒരാളുടെ പ്രതിബിംബം ആലങ്കാരികമായ വർണത്തിൽ അവന്റെ മകനാകുന്നു. മകൻ പിതാവിൽനിന്നുണ്ടാകുന്നതുപോലെ പ്രതിബിംബം അതിന്റെ അസലിൽനിന്നാണുണ്ടാകുന്നത്. അങ്ങേയറ്റം തെളിമയാർന്നതും കലർപ്പില്ലാത്തതുമായ അത്തരം മനസ്സിൽ ദൈവികജ്യോതിസ്സുകളുടെ പ്രതിബിംബം ഉണ്ടാകുന്നു. പ്രതിബിംബാത്മകമായ ആ ചിത്രം ആലങ്കാരിക വർണത്തിൽ അസലിന് മകൻ എന്ന നിലയിലായിത്തീരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് തൗറാത്തിൽ യഅ്ഖൂബ് എന്റെ പുത്രൻ എന്നല്ല എന്റെ ഏക പുത്രൻ എന്ന് പറയപ്പെട്ടിരിക്കുന്നത്. ഈസബ്നു മർയമിനെ ബൈബിളിലും പുത്രൻ എന്ന് പറഞ്ഞിരിക്കുന്നു. ഇബ്റാഹീമിനേയും ഇസ്ഹാഖിനേയും ഇസ്മായീലിനേയും യഅ്ഖൂബിനേയും യൂസുഫിനേയും മൂസായേയും ദാവൂദിനേയും സുലയ്മാൻ തുടങ്ങിയവരേയും ദൈവഗ്രന്ഥങ്ങളിൽ ആലങ്കാരികമായി ദൈവത്തിന്റെ മക്കൾ എന്ന് പറഞ്ഞ പരിധിക്കുള്ളിൽ ഈസായേയും ക്രൈസ്തവജനത നിറുത്തിയിരുന്നെങ്കിൽ അവരിൽ ഒരു ആക്ഷേപവും ഉണ്ടാകുമായിരുന്നില്ല. കാരണം ആലങ്കാരിക രൂപത്തിൽ ഈ നബിമാരെ മുമ്പേ വന്ന നബിമാരുടെ ഗ്രന്ഥങ്ങളിൽ മകൻ എന്ന് വിളിക്കപ്പെട്ടിരിക്കുന്നു. ചില പ്രവചനങ്ങളിൽ നമ്മുടെ നബി(സ)തിരുമേനി ദൈവം എന്ന് വിളിക്കപ്പെട്ടിരിക്കുന്നു. യാഥാർഥ്യമെന്താണെന്നുവച്ചാൽ ആ നബിമാരും ദൈവത്തിന്റെ മക്കളല്ല, നമ്മുടെ നബി(സ)തിരുമേനി ദൈവവുമല്ല. പ്രത്യുത ഇതെല്ലാം അനുരാഗത്തിന്റെ വശങ്ങളിലൂടെയുള്ള ആലങ്കാരിക പ്രയോഗങ്ങളാണ്. അത്തരം വാക്കുകൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ധാരാളമുണ്ട്. മനുഷ്യൻ അല്ലാഹുവിന്റെ അനുരാഗത്തിൽ മറ്റൊന്നും ബാക്കിയാവാതെ ഇങ്ങനെ ലയിച്ചിരിക്കുമ്പോൾ ആ ലയനാവസ്ഥയിൽ ഇത്തരം വാക്കുകൾ പറയപ്പെടുന്നതാണ്. കാരണം ആ അവസ്ഥയിൽ അവരുടെ അസ്തിത്വം ഇടയിലുണ്ടാകുകയില്ല. അല്ലാഹു പറയുന്നു: ഖുൽ യാ ഇബാദിയല്ലദീന അസ്റഫൂ അലാ അൻഫുസിഹിം ലാ തഖ്നത്വൂ മിൻ ർറഹ്മത്തില്ലാഹി ഇന്നല്ലാഹ യഗ്ഫിറുദ്ദുനൂബ ജമീആ അതയാത് അവരോടു പറയുക, എന്റെ ദാസരേ! അല്ലാഹുവിന്റെ കാരുണ്യത്തെതൊട്ട് ഒരിക്കലും നിരാശരാവരുത്. അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നതാണ്. ഇവിടെ നോക്കുക! ‘യാ’ ഇബാദല്ലാഹി എന്നിടത്ത് ‘യാ ഇബാദീ’എന്നു പറയപ്പട്ടിരിക്കുന്നു. വാസ്തവത്തിൽ ജനങ്ങൾ അല്ലാഹുവിന്റെ ദാസരാണ്. നബി(സ)തിരുമേനിയുടെ ദാസരല്ല. എന്നാൽ, നബി(സ)തിരുമേനിയുടെ ദാസരെന്ന് ആലങ്കാരികമായി പറയപ്പെട്ടിരിക്കുന്നു.

അപ്രകാരംതന്നെ പറഞ്ഞു:ഇന്നല്ലദീന യുബാഇ ഊനക്ക ഇന്നമാ യുബാഇ ഊനല്ലാഹ് യദുല്ലാഹി ഫൗഖ അയ്ദീഹിം ആരാണോ നിനക്ക് ബയ്അത്ത് ചെയ്യുന്നത് വാസ്തവത്തിൽ അവർ അല്ലാഹുവിനാണ് ബയ്അത്ത് ചെയ്യുന്നത്. അവരുടെ കൈയുടെ മീതെയുള്ളത് അല്ലാഹുവിന്റെ കൈയാണ്. ഈ എല്ലാ വചനങ്ങളിലും നബി(സ)തിരുമേനിയുടെ കൈ അല്ലാഹുവിന്റെ കൈയാണെന്നാണ് പറയപ്പെട്ടിരിക്കുന്നത്. എന്നാൽ, അത് അല്ലാഹുവിന്റെ കൈയല്ലെന്നത് വ്യക്തമാണ്.

ഒരിടത്തു പറയുന്നു: ഫദ്കുറുല്ലാഹ ക ദിക്രിക്കും ആബാഅക്കും ഔ അശദ്ദ ദിക്റാ നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ സ്മരിക്കുന്നതുപോലെ അല്ലാഹുവിനെ സ്മരിക്കുക. ഇവിടെ അല്ലാഹുവിനെ പിതാവിനോടു സാദൃശപ്പെടുത്തിയിരിക്കുന്നു. ഇത് ആലങ്കാരികവും സാദൃശത്തിന്റെ പരിധിവരെ മാത്രവുമാണ്.

ഇപ്രകാരംതന്നെ അല്ലാഹു യഹൂദികളുടെ ഒരു പറച്ചിൽ യഹൂദിനെക്കുറിച്ചുള്ള ഉപദേശക്കഥയായി വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു. അതിപ്രകാരമാണ്: നഹ്നു അബ്നാവുല്ലാഹി വ അഹിബ്ബാഉഹൂ അതായത് ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന് പ്രിയപ്പെട്ടവരുമാണ്. ഇവിടെ ‘മക്കൾ’ എന്ന പദത്തെ നിങ്ങൾ അവിശ്വാസമാണ് പുലർത്തുന്നതെന്ന് പറഞ്ഞ് നിഷേധിച്ചില്ല. മറിച്ച് ചോദിക്കുന്നത്, നിങ്ങൾ അല്ലാഹുവിന് പ്രിയപ്പെട്ടവരാണെങ്കിൽ അവൻ എന്തിനാണ് നിങ്ങളെ ശിക്ഷിക്കുന്നതെന്നാണ്. അബ്നാഅ് എന്ന പദം ആവർത്തിച്ച് പറഞ്ഞതുമില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് യഹൂദികളുടെ ഗ്രന്ഥങ്ങളിൽ ദൈവത്തിന് പ്രിയപ്പെട്ടവരെ ‘മക്കൾ’ എന്ന് വിളിച്ചിരിക്കുന്നുവെന്നാണ്.

അല്ലാഹു ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ ആ വ്യക്തി നബി(സ)തിരുമേനിയെ സ്നേഹിക്കണമെന്ന നിബന്ധന വച്ചിരിക്കുന്നുവെന്ന് പറയുകയാണ് ഈ വിവരണങ്ങൾകൊണ്ടെല്ലാം നാം ഉദ്ദേശിക്കുന്നത്. നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിന്തുടരുകയും ആ മഹാത്മാവിനെ സ്നേഹിക്കുകയും

- ശേഷം പേജ് 8ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം - ഒരു മഹത്തായ ദൈവികാടയാളം.

## പശ്ചാത്തലവും മഹത്ത്വവും പ്രാധാന്യവും

**ഇഹ്സാനുല്ലാഹ് ദാനിശ്-മുറബ്ബി സിൽസില**

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ കാലഘട്ടത്തിൽ വിജ്ഞാനപരവും പ്രമാണപരവും ബുദ്ധിപരവുമായ എല്ലാ നിലയിലും ന്യായപൂർത്തിവരുത്തുന്നതിനോടൊപ്പം 1885-ൽ ഇസ്‌ലാമിന്റെ യാഥാർഥ്യവും ഇസ്‌ലാംമത സ്ഥാപകരുടെ സത്യം സ്ഥാപിക്കുന്നതിനുംവേണ്ടി അമുസ്‌ലീംകളെ അടയാളം കാണുന്നതിന് ക്ഷണിക്കുകയുണ്ടായി. തന്റെ എതിരാളികളെ പ്രത്യേകിച്ചും ഇസ്‌ലാമികനിഷേധികളെ പൊതുവേയും സംബോധനചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'സത്യം തിരിച്ചറിയുന്നതിനുള്ള അന്വേഷണവുമായി ഒരു വർഷംവരെ ആരാണോ നമ്മുടെ അടുത്തുവന്ന താമസിക്കുന്നത് അയാൾക്ക് അല്ലാഹു നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യം വെളിപ്പെടുത്തുന്ന തരത്തിലുള്ള അടയാളം കാണിക്കുന്നതാണ്. ഈ വിഷയമടങ്ങിയ കത്ത് ആ മഹാത്മാവ് മുഴുലോകത്തും അയച്ചുകൊടുക്കുകയുണ്ടായി.

ഇതിനെത്തുടർന്ന് ഖാദിയാനിലെ ആര്യസമാജക്കാരും മറ്റു ആദരണീയരായ അമുസ്‌ലീംകളും ആ മഹാത്മാവിനോട് തങ്ങൾ അടയാളം കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് കത്തയച്ചു. തങ്ങൾ താങ്കളുടെ അടുത്താണ് താമസിക്കുന്നത് അതുകൊണ്ട് മറ്റുള്ളവരെക്കാൾ അടയാളം കാണാൻ തങ്ങളാണ് കൂടുതൽ അർഹതപ്പെട്ടവരെന്ന് പറയുകയും ചെയ്തു. അവരെഴുതി: 'സത്യാന്വേഷികൾ ഒരു വർഷംവരെ ഖാദിയാനിൽ താങ്കളുടെ അടുത്ത് വന്ന് താമസിച്ചാൽ ഇസ്‌ലാം സത്യമതമാണെന്നതിന് അല്ലാഹു അയാൾക്ക് മനുഷ്യശക്തിക്കതീതമായിട്ടുള്ള അടയാളം കാണിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊണ്ട് താങ്കൾ ലണ്ടനിലും അമേരിക്കവരേയും രജിസ്റ്റർചെയ്ത് കത്തയച്ചിട്ടുള്ള സ്ഥിതിക്ക് താങ്കളുടെ അയൽവാസികളും നാട്ടുകാരുമായ ഞങ്ങൾ ലണ്ടൻകാരേയും അമേരിക്കക്കാരേയുംക്കാൾ അതിന് കൂടുതൽ അർഹരാണല്ലോ. ഞങ്ങൾ താങ്കളോടു സത്യം ചെയ്തു പറയുന്നു:"ഞങ്ങൾ സത്യാന്വേഷികളാണ്. ആകാശവും ഭൂമിയും അടിമേൽ മറിയുന്നതും പ്രകൃതിനിയമത്തെ ലംഘിക്കുന്നതുമായ ദൃഷ്ടാന്തം വെളിപ്പെട്ടു കാണണമെന്നുള്ള ആവശ്യം ഞങ്ങൾക്കില്ല. ആ അടയാളം, മനുഷ്യകരങ്ങൾക്കതീതമായിട്ടുള്ളതായിരിക്കണമെന്നു മാത്രം. അതിൽ നിന്ന് സത്യവാനും പരിശുദ്ധനുമായ പരമേശ്വരൻ താങ്കളുടെ ദീനീപരമായ സാത്വികതയുടെ യഥാർഥ സ്നേഹത്തിന്റേയും കൃപാവരത്തിന്റേയും അടിസ്ഥാനത്തിൽ താങ്കളുടെ പ്രാർഥനകൾ സ്വീകരിക്കുകയും പ്രാർഥന സ്വീകരിക്കുന്നതിനുമുമ്പേ താങ്കൾക്ക് അതിനെക്കുറിച്ച് അറിവുനല്കുകയോ അത്ഭുതകരമായ നിലയിൽ താങ്കളെ സഹായിക്കുകയും പിന്താങ്ങുകയും ചെയ്യുന്നുവെന്ന് മനസ്സിലാകുകയോ വേണം; അവൻ പുരാതന കാലം മുതലേ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടും സമീപസ്ഥരോടും പുണ്യാത്മാരോടും പ്രത്യേക ദാസരോടും പെരുമാറിവന്നിരുന്നതുപോലെ."(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 92-93)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ കത്തിന് ഇങ്ങനെ മറുപടി എഴുതി: "ദൈവികാടയാളങ്ങൾ കാണുന്നതിനുവേണ്ടി നിങ്ങൾ അയച്ച കത്ത് എനിക്കു കിട്ടി. തികഞ്ഞ നന്ദിയോടെ ഇതിലെ വിഷയം സ്വീകരിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളെഴുതിയ കത്തു പ്രകാരം നിങ്ങൾ നിങ്ങളുടെ പ്രതിജ്ഞകൾ പാലിച്ചുനിന്നാൽ തീർച്ചയായും പ്രതാപവാനും സർവശക്തനുമായ ദൈവത്തിന്റെ പിന്തുണയും സഹായവുംകൊണ്ട് മനുഷ്യശക്തിക്കതീതമായിട്ടുള്ള ഏതെങ്കിലും അടയാളം ഒരു വർഷത്തിനുള്ളിൽ കാണിക്കപ്പെടുന്നതായിരിക്കും. സർശക്തനും കൃപയുള്ളവനും കരുണാമയനുമായ ദൈവമേ! ഞങ്ങൾക്കും അവർക്കുമിടയിൽ സത്യമായ വിധികല്പിക്കേണമേ! നീ തന്നെയാണ് ഉത്തമ നായ വിധികർത്താവ്. നിന്നെക്കൂടാതെ വിധി പുറപ്പെടുവിക്കുന്നവനായി മറ്റാരുമില്ല. ആമീൻ ഥുമ്മ ആമീൻ." (മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 95-96)

അങ്ങനെ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) സത്യനിഷേധികളുടേയും എതിരാളികളുടേയുംമേൽ ന്യായപൂർത്തിവരുത്തുന്നതിനും ദീനുൽഇസ്‌ലാമിന്റെ യാഥാർഥ്യത്തിന്റെ പ്രബലതയ്ക്കുംവേണ്ടി ദൈവകല്പന പ്രകാരം തപോയജ്ഞം നടത്തുകയും പ്രത്യേകമായി ദുആകളിൽ മുഴുകുകയും ചെയ്യുന്നതിനുവേണ്ടി ഖാദിയാനിൽനിന്ന് ഹോശിയാർപൂരിലേക്ക് പോയി. ഭൗതികലോകവുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുകയും ഒരു മഹത്തായ അടയാളം വെളിപ്പെടുത്തുന്നതിനുവേണ്ടി 40 ദിവസംവരെ ദുആകളിലും കൂടിക്കാഴ്ചകളിലും മുഴുകുകയും ചെയ്തു. അല്ലാഹു ആ മഹാത്മാവിന്റെ ദുആകളും കൂടിക്കാഴ്ചകളും സ്വീകരിച്ചുകൊണ്ട്, നിരവധി ആത്മീയാനുഗ്രഹങ്ങളും ഭൗതികാനുഗ്രഹങ്ങളുമുള്ള മഹാനായ ഒരു പുത്രൻ നല്കപ്പെടുമെന്ന സുവാർത്ത നല്കി അദ്ദേഹത്തെ അനുഗ്രഹിച്ചു. ഈ സുവിശേഷങ്ങളടങ്ങിയ ഒരു വിജ്ഞാപനം അദ്ദേഹം 1886 ന് പ്രസിദ്ധീകരിച്ചു.

ഈ പ്രവചനത്തിൽ രണ്ടു വാഗ്ദത്ത കുട്ടികൾ ജനിക്കുമെന്ന് അറിയിക്കപ്പെട്ടിരുന്നു. അവരിൽ ഒരാൾ ചെറുപ്രായത്തിൽ വഫാത്താകേണ്ടതുണ്ടായിരുന്നു. രണ്ടാമത്തെയാൾ ദീർഘായുഷ്മാനും അസാധാരണമായ വിശേഷഗുണങ്ങളുള്ളവനായിരിക്കേണ്ടതുമായിരുന്നു. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കേണ്ടതുണ്ടായിരുന്നു. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളേണ്ടതുണ്ടായിരുന്നു. ഈ പ്രവചനത്തിൽ അല്ലാഹു ഈ വാഗ്ദത്ത സുതനെ സംബന്ധിച്ച് അസാധാരണമായ ധാരാളം വിശേഷഗുണങ്ങളാൽ വിഭൂഷിതനായിരിക്കുമെന്ന് സുവാർത്ത നല്കി. ഇതിൽ ഒരു വിശേഷഗുണവും മനുഷ്യകൈകടത്തലുകളാൽ ഉണ്ടാകാവുന്നതായിരുന്നില്ല. സ്വന്തമായി ഒരു മനുഷ്യനും തന്റെ മകനെ സംബന്ധിച്ച് അവൻ ഈ വിശേഷഗുണങ്ങളാൽ വിഭൂഷിതനായിരിക്കുമെന്ന് വാദിക്കാൻ പറ്റുന്നതുമായിരുന്നില്ല.

ഈ പ്രവചനം മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറിരട്ടി വലിയ അടയാളമെന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ഇവിടെ കണ്ണുകൾ തുറന്ന് നോക്കേണ്ടതാണ്. ഇതു വെറുമൊരു പ്രവചനമല്ല. പ്രത്യുത മഹത്തായൊരു ദൈവികാടയാളമാണ്. ഇതിനെ കൃപാലുവും പ്രതാപവാനുമായ അല്ലാഹു ദയാലുവും കരുണാവാനുമായ നമ്മുടെ നബികരീം മുഹമ്മദു മുസ്തഫാ(സ)യുടെ സത്യസാക്ഷ്യവും മഹത്ത്വവും വെളിപ്പെടുത്തുന്നതിനുവേണ്ടി പ്രകടമാക്കിയിരിക്കുന്നു. വാസ്തവത്തിൽ ഈ അടയാളം മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുക്കണക്കിന്നിരട്ടി അത്യുന്നതവും അതിശ്രേഷ്ഠവും തികവുറ്റതുമാണ്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ടും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)ന്റെ ബർക്കത്തുകൊണ്ടും ഉദാരവാനായ അല്ലാഹു ഈ സാധുവിന്റെ ദുആ സ്വീകരിച്ച് ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങൾ മുഴുലോകത്തും വ്യാപിക്കാൻ പോകുന്ന ഒരു അനുഗൃഹീത ആത്മാവിനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. ബാഹ്യമായി നോക്കുമ്പോൾ ഈ അടയാളം മരിച്ചവൻ ജീവിക്കുന്നതിന് സമാനമായി തോന്നുന്നുവെങ്കിലും ചിന്തിച്ചുനോക്കുമ്പോൾ മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുക്കണക്കിന്നിരട്ടി ശ്രേഷ്ഠമാണെന്ന് മനസ്സിലാകുന്നതാണ്. മരിച്ചവന്റെ ആത്മാവും മടങ്ങിവരുന്നത് ദുആ മുഖേന യാണ്. ഇവിടെ ദുആ മുഖേന ഒരു ആത്മാവിനെയാണ് ചോദിച്ചത്. എന്നാൽ, ആ ആത്മാക്കളും ഈ ആത്മാവും തമ്മിൽ ലക്ഷക്കണക്കിന് മൈലുകളുടെ വ്യത്യാസമുണ്ട്. മുസ്‌ലീംകളിൽ ഒളിഞ്ഞിരിക്കുന്ന മുർത്തദ്ദായിട്ടുള്ളവർ നബി(സ)തിരുമേനിയുടെ മുഅ്ജിസത്തുകൾ വെളിപ്പെടുന്നതുകണ്ട് സന്തോഷിക്കുകയില്ല. ഇതെങ്ങനെ ഉണ്ടായി എന്നോർത്ത് അവർക്ക് വലിയ ദുഃഖമുണ്ടാകുന്നതാണ്."(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 115-116)

ഇസ്‌ലാമിന്റെ വിരോധികൾക്ക് പ്രത്യേകിച്ചും ഹിന്ദുക്കൾക്ക് ഇക്കാര്യം മതിയാകേണ്ടതായിരുന്നു; അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരുടെ അപേക്ഷ സ്വീകരിക്കുകയും അടയാളം കാണിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. പക്ഷേ, ശത്രുതയും പക്ഷാഭേദവും മനുഷ്യന്റെ കണ്ണുകളിൽ ബാന്റേജ് കെട്ടിക്കളയുന്നു. പരിഹാസവും ശത്രുതയും അവനെ സ്വസ്ഥനായിരിക്കാൻ വിടുകയില്ല. അങ്ങനെ ഇസ്‌ലാമിന്റെ ഒരു കഠനവിരോധി സത്യം മറച്ചുവെക്കുന്നതിനും പരിഹസിക്കുന്നതിനും മുമ്പോട്ടു വന്നു.......... അതായത് പണ്ഡിറ്റ് ലേഖ്റാം പിശാവരി............... അയാൾ മുമ്പേയും നബി(സ)തിരുമേനിയേയും ഇസ്‌ലാമിനേയും ചീത്തപ്പറയുന്നതിൽ കുപ്രസിദ്ധനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) 1885-ൽ അമുസ്‌ലീംകളെ അടയാളം കാണാൻ ക്ഷണിച്ചപ്പോൾ ലേഖ്റാമും 1885 അവസാനം അടയാളം കാണുന്നതിന് ഖാദിയാനിൽ വന്നതാണ്. എന്നാൽ, കുറച്ചുദിവസം എതിരാളികളോടൊപ്പം താമസിച്ച് ചീത്തപറഞ്ഞ് മടങ്ങിപ്പോകുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹു അറിയിച്ചതുപ്രകാരം അസാധാരണ വിശേഷഗുണങ്ങളുള്ള ഒരു പുത്രൻ തനിക്കു ജനിക്കുമെന്ന് പ്രവചിച്ചപ്പോൾ, ആ കുട്ടി തന്റെ ബീജത്തിൽനിന്നും തന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കുമെന്നും അവൻ 9 വർഷത്തിനുള്ളിലാണ് ജനിക്കുക എന്നും അവന്റെ പരിശുദ്ധ ജീവിതത്തിന്റെ ഓരോ നിമിഷവും ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് തെളിവായിരിക്കുമെന്നും പറഞ്ഞിരുന്നു. ആ നേരത്ത് മാന്യതയോടും ദൈവഭയത്തോടുംകൂടി പ്രവർത്തിക്കുന്നതിനു പകരം ലേഖ്റാം അങ്ങേയറ്റം മൃഗീയമായ ബുദ്ധിയുടെ ദൃശ്യം പ്രകടിപ്പിക്കാനാണ് തുടങ്ങിയത്. ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിനായി ഒരു പ്രവചനം പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. അത് പ്രതീക്ഷിച്ചിരിക്കേണ്ടത് മാന്യതയുടേയും സത്യമാർഗത്തിന്റേയും തേട്ടമായിരുന്നു. അതായത് ദൈവം ഏതുകൂട്ടരുടെ സത്യമാണ് വെളിപ്പെടുത്തുന്നതെന്ന്! പക്ഷേ, ലേഖ്റാം ധിറുതി കാണിച്ചു. ദൈവത്തിൽനിന്ന് തീരുമാനം വരുന്നതിനുമുമ്പേ പരിഹസിക്കാൻ തുടങ്ങി. അയാൾ തന്റെ വിജ്ഞാപനത്തിൽ എഴുതി: 'വാഗ്ദത്ത പുത്രനെ സംബന്ധിച്ച പ്രവചനം പൂർത്തിയാകുന്നതവിടെ നില്ക്കട്ടെ, മിർസാസാഹിബിന് ഇനി ഒരു മക്കളും ഉണ്ടാകുകയില്ലെന്നും അദ്ദേഹം തന്നെയും മൂന്നുവർഷത്തിനുള്ളിൽ ഉണ്ടാകുകയില്ലെന്നും സന്താനരഹിതനായി മരിക്കുമെന്നും പരമേശ്വരൻ എന്നെ അറിയിച്ചിരിക്കുന്നു.'(തക്ദീബെ ബറാഹീനെ അഹ്മദിയ്യാ ലേഖ്റാം പേജ് 311)(തുടരും)

# ഖുത്ബ ജുമുഅ

അല്ലാഹു ആരെയെങ്കിലും എഴുന്നേല്പിച്ച് നിറുത്തുമ്പോൾ അല്ലെങ്കിൽ നബിമാരെ അയക്കുമ്പോൾ അവരെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നു. സത്യത വെളിപ്പെടുത്തുന്നതിനുവേണ്ടി ലോകത്തുള്ള ഭൂരിഭാഗം ജനങ്ങളേയും അവരുടെ തെറ്റായ പ്രവൃത്തികൾ കാരണത്താൽ ശിക്ഷിക്കേണ്ടിവന്നാൽ അവരെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നു. സത്യത വെളിപ്പെടുത്തുന്നതിനുവേണ്ടി ലോകത്തുള്ള ഭൂരിഭാഗം ജനങ്ങളേയും അവരുടെ തെറ്റായ പ്രവൃത്തികൾ കാരണത്താൽ ശിക്ഷിക്കേണ്ടിവന്നാൽ അവൻ വകവെക്കുകയില്ല. അവരെ ശിക്ഷിക്കുന്നതുമാണ്. ഇസ്‌ലാമിന്റെ കല്പനതന്നെ ഓരോ വ്യക്തിയും തന്റെ അവകാശം വാങ്ങുന്നതിനും അതിൽ വാശിപിടിക്കുന്നതിനും പകരം മറ്റുള്ളവരുടെ അവകാശം കൊടുക്കുന്നതിനും അതു നിലനിറുത്തുന്നതിനും ശ്രമിക്കുക എന്നതാണ്.

മറ്റുള്ളവരുടെ അവകാശത്തിൽ ദീർഘകാലം നിലനില്ക്കുകയും അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയും ചെയ്യുക എന്നത് അനിസ്‌ലാമികമായ ആത്മാവാണ്. ആ അവകാശം നമ്മുടെ അവകാശമായി മനസ്സിലാക്കുന്ന ശീലമാണ് നമുക്കുണ്ടായിട്ടുള്ളത്. അതുകൊണ്ട് മറ്റുള്ളവർക്ക് ആ അവകാശം വിട്ടുകൊടുക്കാൻ നമുക്ക് സാധിക്കുകയില്ല. ഇത് അങ്ങേയറ്റം തെറ്റായ കാര്യമാണ്. അത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

ലോകത്തുള്ള വഴക്കുകൾ നിരർഥങ്ങളാണ്. അവൻ തന്നെക്കുറിച്ച് ഞാൻ അബ്ദുല്ലായാണെന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം അവന് ഒന്നും തന്നെയില്ല എന്നാണ്. അബ്ദുല്ലാഹ് ആയിത്തീരുന്നതിന് എങ്ങനെയാണ് നമ്മൾ കടമ നിറവേറ്റേണ്ടതെന്ന് മുമ്പത്തെക്കാൾ കൂടുതൽ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ പിടിവാശിയും ഈഗോയും ഉപേക്ഷിക്കണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

ഇതും തിരഞ്ഞെടുപ്പിന്റെ വർഷമാണ്. ജമാഅത്തുപരമായ നിലയിലും ഈ വർഷം തിരഞ്ഞെടുപ്പ് നടക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങളുടെ ചിന്താഗതികളെ, എല്ലാവരും ശരിയാക്കേണ്ടതാണ്. ദുആയ്ക്കുശേഷം എല്ലാ ബന്ധങ്ങളേയും എല്ലാ കുടുംബ ബന്ധങ്ങളേയും ഉപേക്ഷിച്ച് നിങ്ങളുടെ വോട്ടവകാശം ശരിയായനിലയിൽ ഉപയോഗിക്കുക. നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക. അതിനുശേഷം എന്തു വിധിയാണോ ഉണ്ടാകുന്നത് അതംഗീകരിക്കുക. എല്ലാവരും സമ്പൂർണമായനിലയിൽ അവരുടെ വ്യക്തിപരമായ കാര്യങ്ങൾക്കതീതമായി തങ്ങളുടെ വിധിയെഴുതുക. ഒരു നേരം വന്ന് നമസ്കരിക്കുകയും അതുകൊണ്ട് നിർബന്ധ കടമകൾ നിർവഹിച്ചുവെന്ന് മനസ്സിലാക്കുകയും അല്ലെങ്കിൽ മസ്ജിദിൽ വന്ന് ഒരുനേരം നമസ്കരിക്കുകയും എന്നിട്ട് നിർബന്ധ കടമ നിറവേറ്റിയിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും അതു മതിയെന്ന് കരുതുകയും ചെയ്യുന്നത് ഒരു തമാശയാണ്. നമസ്കാരത്തിലേക്ക് കൃത്യമായി ശ്രദ്ധിക്കാത്തവർ ഈ ഗ്രൂപ്പിൽപ്പെട്ടവരാണ്. അഞ്ചുനേര നമസ്കാരം ബുദ്ധിയുള്ള പ്രായപൂർത്തിയായ എല്ലാ മുസ്‌ലീംകൾക്കും നിർബന്ധമാണ്. പുരുഷന്മാർക്ക് മസ്ജിദിൽവന്ന് ജമാഅത്തോടുകൂടി നമസ്കരിക്കൽ നിർബന്ധമാണ്. അതിനുള്ള ഏർപാടുണ്ടാകേണ്ടതാണ്. ഒന്നുകിൽ പറയുക തങ്ങൾ പ്രായപൂർത്തിയായിട്ടില്ലെന്ന്. അല്ലെങ്കിൽ പറയുക, മന്ദബുദ്ധികളാണെന്ന്. എന്നാൽ അവർ പറയുന്നത് ശരിയാണ്. ഈ രണ്ടുകാര്യങ്ങളും ഇല്ലായെങ്കിൽ എല്ലായിടത്തും ജമാഅത്തായി നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ കർമങ്ങൾ എത്രയാണെങ്കിലും അല്ലാഹുവിന്റെ കരുണയില്ലെങ്കിൽ, അവന്റെ അനുഗ്രഹമില്ലെങ്കിൽ വിശ്വാസം സമ്പൂർണമാകുകയില്ല. വായകൊണ്ട് ശാപം ചൊരിയുകയോ നാവുകൊണ്ട് അനുസരണ വാദം പുറപ്പെടുവിക്കുകയോ ചെയ്യുന്നത് ഒരു വസ്തുവുമല്ല. യഥാർഥ കാര്യം കർമമാണ്. അല്ലെങ്കിൽ വെറും നാവുകൊണ്ട് അനുസരണവാദം ഉന്നയിക്കുന്നവൻ ചിലപ്പോൾ ഏറ്റവും വലിയ മുനാഫിഖും ആകാനിടയുണ്ട്.'

അഹ്മദിയ്യത്ത് വിജയിക്കേണ്ടതുതന്നെയാണ്. അത് ഞങ്ങളുടെ ജീവിതത്തിലാകാം അല്ലെങ്കിൽ ശേഷമാകാം. പക്ഷേ, നമുക്ക് ഈ വിജയത്തിൽ ഭാഗഭാക്കാകുന്നതിന് തഖ്‌വയിൽ നിലകൊള്ളേണ്ട ഒരുപാട് ആവശ്യമുണ്ട്; തലമുറ തലമുറയായി ഇക്കാര്യം നിലനില്ക്കാനും നമ്മുടെ കാലത്തല്ലെങ്കിലും നമ്മുടെ മക്കൾ അതു കാണുന്നവരായിത്തീരാനുംവേണ്ടി. ജമാഅത്ത് നോമ്പ് പിടിക്കേണ്ടതാണെന്ന് കുറച്ചു വർഷം മുമ്പേ ഞാനും പറഞ്ഞിരുന്നതാണ്, ജമാഅത്തിൽ ഇന്നേവരെ കൃത്യമായി ഇതു പാലിച്ചുവരുന്നുവരുണ്ട്. കുറഞ്ഞത് ഇപ്പോൾ നമുക്ക് ആഴ്ചയിൽ ഒന്ന് എന്നനിലയിൽ നാല്പത് നോമ്പ് പ്രത്യേകം പിടിക്കേണ്ടതാണ്. ദുആകൾ ചെയ്യുക. ഐച്ഛികകർമങ്ങൾ(നഫ്ൽ) ചെയ്യുക. സ്വദഖകൾ കൊടുക്കുക. കാരണം ജമാഅത്തിന്റെ ചില സ്ഥലങ്ങളിലെ അവസ്ഥകൾ വളരെ കൂടുതൽ കഠിനതരമായിക്കൊണ്ടുപോകുകയാണ്. നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുമ്പോൾ, കുഞ്ഞ് കരയുമ്പോൾ മാതാവിന്റെ മുലക്കണ്ണുകളിൽ പാല് അലയടിച്ചുയരുന്നതുപോലെ അകാശത്തുനിന്ന് നമ്മുടെ റബ്ബിന്റെ സഹായം ഇൻശാഅല്ലാഹ് ഇറങ്ങുന്നതാണ്. നമ്മുടെ വഴിയിലുള്ള തടസങ്ങളും പ്രയാസങ്ങളും അകലുന്നതായിരിക്കും. മുമ്പേയും അകന്നുപൊയ്ക്കൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോഴും ഇൻശാഅല്ലാഹ് അകലുന്നതാണ്.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**
**2016 ഫെബ്രുവരി 12, ഹി:ശം: 1395 തബ്‌ലീഗ് 12 മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ ۔اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ തന്റെ വിവിധ ഖുത്ബകളിലും പ്രഭാഷണങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ള ചില പാഠമുൾക്കൊള്ളുന്ന കാര്യങ്ങളും കഥകളും വിവരിക്കുന്നുണ്ട്. വിവിധ നേരങ്ങളിൽ ഞാൻ ഇത് വിവരിച്ചു വരികയാണ്. ഇന്നും അതുതന്നെയാണ് വിവരിക്കുന്നത്.

ഒരു ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെയൊരു വിഷയം വിവരിക്കുകയുണ്ടായി. അല്ലാഹു ആരെയെങ്കിലും എഴുന്നേല്പിച്ച് നിറുത്തുമ്പോൾ അല്ലെങ്കിൽ നബിമാരെ അയക്കുമ്പോൾ അവരെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നു. സത്യത വെളിപ്പെടുത്തുന്നതിനുവേണ്ടി ലോകത്തുള്ള ഭൂരിഭാഗം ജനങ്ങളേയും അവരുടെ തെറ്റായ പ്രവൃത്തികൾ കാരണത്താൽ ശിക്ഷിക്കേണ്ടിവന്നാൽ അവൻ വകവെക്കുകയില്ല. അവരെ ശിക്ഷിക്കുന്നതുമാണ്. ഇതുസംബന്ധമായി ഒരു കഥ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിട്ടുണ്ട്. അത് പ്രതിപാദിച്ചുകൊണ്ട് പറയുന്നു: 'കുട്ടിക്കാലത്ത് കഥകൾ കേൾക്കാൻ ഞങ്ങൾക്ക് വളരെ താൽപര്യമായിരുന്നു. ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറയുമ്പോൾ അവിടന്ന് ഞങ്ങൾക്ക് പാഠമുൾക്കൊള്ളുന്ന കഥകൾ കേൾപിക്കാറുണ്ടായിരുന്നു. (ഈ വിഷയം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:)ആ കഥകളിൽ ഒരു കഥ എനിക്കിപ്പോൾ ഓർമ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

നാവിൽനിന്ന് ഞാൻ കേട്ട വിഷയമാണ് വിവരിക്കുന്നത്. അവിടന്ന് പറഞ്ഞു, ഹദ്റത്ത് നൂഹ്(അ)ന്റെ കാലഘട്ടത്തിൽ വെള്ളപ്പൊക്കമുണ്ടാകാൻ കാരണം ജനങ്ങൾ അക്കാലത്ത് അങ്ങേയറ്റം വൃത്തികെട്ടവരായിത്തീർന്നിരുന്നുവെന്നതാണ്. പാപങ്ങൾ ചെയ്യാൻ തുടങ്ങി. അവർ പാപങ്ങൾ ചെയ്ത് ചെയ്ത് പോയപ്പോൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവരുടെ വില ഇടിഞ്ഞുകൊണ്ടിരുന്നു. ഒരു പർവതത്തിന്റെ മുകളിൽ ഒരു മരമുണ്ടായിരുന്നു.-ഇത് കഥയാണെന്ന് ഓർക്കുക-അതിലെ പക്ഷിക്കൂട്ടിൽ ഒരു പക്ഷിക്കുഞ്ഞ് ഇരിപ്പുണ്ടായിരുന്നു. തള്ളപ്പക്ഷി എവിടെയോ പോയി. പിന്നീട് തിരിച്ചുവരാൻ അതിനു കഴിഞ്ഞില്ല. അത് മരിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താൽ വരാൻ സാധിക്കാതെ വരികയോ ആയിരുന്നു. ആ പക്ഷിക്കുഞ്ഞിന് ദാഹമുണ്ടായി. ദാഹംകൊണ്ട് അത് പിടയ്ക്കാൻ തുടങ്ങി. തന്റെ ചുണ്ടു വിടർത്തിപ്പിടിച്ചു. ഇത് കണ്ടിട്ട് അല്ലാഹു മലക്കുകളോടു കല്പിച്ചു, 'നിങ്ങൾ പോയി ഭൂമിയിൽ വഴ വർഷിക്കുക. ആ പർവതത്തിന്റെ മുകളിലുള്ള മരത്തിലിരിക്കുന്ന പക്ഷിക്കുഞ്ഞിന്റെ ചുണ്ടിൽ വെള്ളംമുട്ടുകയും അങ്ങനെ അത് വെള്ളം കുടിക്കുകയും ചെയ്യത്തക്കവണ്ണം മഴ വർഷിക്കുക.' മലക്കുകൾ പറഞ്ഞു, 'അല്ലാഹുവേ! അവിടംവരെ വെള്ളം എത്തിക്കുമ്പോൾ ലോകം മുഴുവൻ മുങ്ങിപ്പോകുമല്ലോ?' അല്ലാഹു പറഞ്ഞു, 'അത് കാര്യമാക്കണ്ട. ഇക്കാലത്തെ ജനങ്ങൾക്ക് എന്റെ പക്കൽ ഈ പക്ഷിക്കുഞ്ഞിന്റെ അത്രപോലും വിലയില്ല.'(ഖുത്ബാ ത്തെ മഹ്മൂദ് വാള്യം 17 പേജ് 678–679)

ഇതൊരു കഥയാണ്. എന്നാൽ, നേരും നെറിയുമില്ലാത്ത ലോകർ മുഴുവനും ചേർന്നാലും അല്ലാഹുവിന്റെ പക്കൽ ഒരു പക്ഷിക്കുഞ്ഞിന്റെ അത്രവിലപോലും അവർക്കുണ്ടാകുകയില്ലെന്ന പാഠമാണ് ഈ കഥയിലുള്ളത്.

ഇന്ന് ഈ കഥയിൽനിന്ന് നമ്മൾ ഈ പാഠം സ്വീകരിച്ച് സത്യസന്ധതയിൽ നില്ക്കുന്നതിനോടൊപ്പം ആത്മപരിശോധനയും നടത്തേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിനാണ്. നമ്മുടെ ഉള്ളിലുള്ള ദോഷങ്ങൾ അകറ്റുന്നതിനുവേണ്ടിയാണ്. നന്മകൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ, കാലത്തിനൊപ്പം നമ്മുടെ അവസ്ഥയും അഭിവൃദ്ധിപ്പെടുന്നതിനു പകരം അധഃപതിക്കുകയാണെങ്കിൽ, താഴേക്ക് വീണുകൊണ്ടിരിക്കുകയാണെങ്കിൽ അതിന്റെ അർഥം നമ്മുടെ ഉദ്ദേശ്യലക്ഷ്യത്തിൽനിന്ന് നമ്മൾ മാറിപ്പോകുന്നു എന്നാണ്. അങ്ങനെ വരുമ്പോൾ അല്ലാഹുവും നമ്മെ വകവെക്കുകയില്ല.

ഇപ്രകാരംതന്നെ ലോകത്തിന്റെ അവസ്ഥ എന്തായിക്കൊണ്ടിരിക്കുന്നു എന്നത് മറഞ്ഞതോ ഒളിഞ്ഞതോ ആയ കാര്യമല്ല. ഒരുപാട് രാഷ്ട്രങ്ങളിൽ പൊതുജനങ്ങളും ഭരണകൂടങ്ങളും പരസ്പരം കടമകൾ നിറവേറ്റാത്തവരാണ്. കുഴപ്പങ്ങളും കലഹങ്ങളുമാണ്. ബാഹ്യമായി കലഹങ്ങളുടേയും കുഴപ്പങ്ങളുടേയും അവസ്ഥ ഇല്ലാത്തിടങ്ങളിൽ അല്ലെങ്കിൽ അധികം ദുഷിച്ചിട്ടില്ലാത്തിടങ്ങളിലും അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിരുദ്ധമായി, അല്ലാഹുവിൽനിന്ന് അകലന്നു എന്ന് മാത്രമല്ല മറിച്ച് അവനെതിരിൽ ദുഷിപ്പ് പറഞ്ഞ് അവനെ നിന്ദിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നു. മാലിന്യങ്ങളിൽ എത്രത്തോളം മുങ്ങിത്താഴുന്നുവെന്നാൽ പ്രകൃതിവിരുദ്ധമായ കാര്യങ്ങൾ ചെയ്യാൻ നിയമപരമായ നടപടികൾ സ്വീകരിച്ച് ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്നു എന്നല്ല. പ്രകൃതിവിരുദ്ധപ്രവർത്തിയെ പിന്തുണയ്ക്കാത്തവൻ നിയമത്തിന്റെ മുമ്പിൽ കുറ്റവാളിയാണെന്നും പറയുന്നു. നാശം വിതച്ചുകൊണ്ടിരിക്കുന്ന ഈ ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളും കുഴപ്പങ്ങളും തോരാമഴകളുമെല്ലാം പാപങ്ങൾ അതിരുകടന്നിട്ടുള്ളതുകൊണ്ടാണ്. ഇതിപ്പോൾ അല്ലാഹു നല്കിക്കൊണ്ടിരിക്കുന്ന ഒരു മുന്നറിയിപ്പാണ്. അല്ലാഹു സൂചന നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലും അഹ്മദികൾക്ക് വളരെ വലിയ ജോലിയാണുള്ളത്. ജനങ്ങളെ ജാഗ്രതപ്പെടുത്തുക. നിങ്ങൾ നിങ്ങളെ പരിഷ്കരിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ അല്ലാഹു ലോകത്ത് നാശകാരിയായ വൻവിപത്തുകൾ കൊണ്ടുവരുന്നതാണെന്ന് പറഞ്ഞുകൊടുക്കുക. ലോകത്തിന് ബുദ്ധി ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.

പിന്നീട് നമ്മൾ കാണുന്നത് ലോകത്ത് ഈയിടെയായി നടന്നുവരുന്ന സംസാരങ്ങളിൽ, അവകാശം വാങ്ങുന്നതിനുവേണ്ടിയുള്ള കാര്യങ്ങളാണ്; മറ്റുള്ളവർക്ക് അതുമുഖേന എന്തു നഷ്ടം സംഭവിച്ചാലും വേണ്ടില്ല. ഒരു യഥാർഥ മുസ്ലിമിന് ഇക്കാര്യത്തെക്കുറിച്ച് എങ്ങനെയുള്ള ചിന്തയാണ് വേണ്ടത്. ഇതുസംബന്ധമായി ഈ സംഭവം ഉത്തമ വഴികാട്ടിയാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കേൾപ്പിക്കാറുണ്ടായിരുന്നു: ഒരു സ്വഹാബി തന്റെ കുതിരയെ വില്ക്കുന്നതിനുവേണ്ടി മറ്റൊരു സ്വഹാബിയുടെ അടുക്കൽ കൊണ്ടുവന്നു. അതിന്റെ വില ഉദാഹരണത്തിന് 200 രൂപ പറഞ്ഞു. മറ്റെ സ്വഹാബി പറഞ്ഞു. ഈ വിലയ്ക്ക് എനിക്ക് കുതിരയെ വാങ്ങാൻ പറ്റുകയില്ല. കാരണം ഇതിന് താങ്കൾ പറഞ്ഞതിനേക്കാൾ ഇരട്ടി വില കിട്ടുന്നതാണ്. താങ്കൾക്ക് കുതിരയുടെ വിലയെക്കുറിച്ച് പരിജ്ഞാനമില്ലെന്ന് തോന്നുന്നതായും അദ്ദേഹം വില്ക്കാൻ വന്ന സ്വഹാബിയോടു പറഞ്ഞു. പക്ഷേ, ഉടമസ്ഥൻ കൂടുതൽ വില വാങ്ങാൻ തയ്യാറായില്ല. ഇദ്ദേഹം പറഞ്ഞു: എന്റെ കുതിരയ്ക്ക് കൂടുതൽ വില ഇല്ലെന്ന് വരുമ്പോൾ ഞാനെന്തിന് കൂടുതൽ വില വാങ്ങണം? അങ്ങനെ അവർ തമ്മിൽ സംസാരം നടന്നുകൊണ്ടിരുന്നു; പിന്നീട് മൂന്നാമതൊരാൾ മുഖേന തീരുമാനം ചെയ്യിച്ചു. ആ സ്വഹാബിമാർ കാണിച്ച ഇസ്ലാമികമായ ആത്മാവായിരുന്നു ഇത്. ഇസ്ലാമിന്റെ കല്പന തന്നെ ഓരോ വ്യക്തിയും തന്റെ അവകാശം വാങ്ങുന്നതിനും അതിൽ വാശിപിടിക്കുന്നതിനും പകരം മറ്റുള്ളവരുടെ അവകാശം കൊടുക്കുന്നതിനും അതുനിലനിറുത്തുന്നതിനും ശ്രമിക്കുക എന്നതാണ്. ഈ ആത്മാവുണ്ടായിക്കഴിഞ്ഞാൽ, അക്കാലത്ത് മുഴുവൻ സമരങ്ങളും (അക്കാലത്ത് ചില ഹർത്താലുകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു) ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, എല്ലാ സമരവും സ്വയമേവ ഇല്ലാതാകുന്നതാണ്. എന്നാൽ, ഏറ്റവും കുറഞ്ഞ നന്മ എന്നു പറയുന്നത് ആരിലെങ്കിലുംനിന്ന് തന്റെ അവകാശത്തിന്റെ പ്രശ്നമുണ്ടാകുമ്പോൾ, അയാളുടെ ജന്മാവകാശം കൊടുക്കുക എന്നതാണ്; അയാൾക്ക് അതിന് അവകാശമുണ്ടെങ്കിൽ! മറ്റുള്ളവരുടെ അവകാശത്തിൽ ദീർഘകാലം നിലനില്ക്കുകയും അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയും ചെയ്യുക എന്നത് അനിസ്ലാമികമായ ആത്മാവാണ്. ആ അവകാശം നമ്മുടെ അവകാശമായി മനസ്സിലാക്കുന്ന ശീലമാണ് നമുക്കുണ്ടായിട്ടുള്ളത്. അതുകൊണ്ട് മറ്റുള്ളവർക്ക് ആ അവകാശം വിട്ടുകൊടുക്കാൻ നമുക്ക് സാധിക്കുകയില്ല. ഇത് അങ്ങേയറ്റും തെറ്റായ കാര്യമാണ്. അത് ഇസ്ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

ഇക്കാലത്തെ വികസ്വര ലോകത്തും ഉദാഹരണത്തിന് ഈ ഹർത്താലുകളുടെ അവകാശം ചിന്തിക്കാതേയും ആലോചിക്കാതേയും നല്കപ്പെട്ടിരിക്കുന്നു. അതിന്റെ പരിധി എന്തായിരിക്കണമെന്ന് നോക്കുന്നില്ല. ഇന്ന് ഇവിടെ ഉദാഹരണത്തിന് ഈയിടെയായി ഈ രാജ്യത്ത് യു.കെയിൽ ഡോക്ടർമാരുടെ യൂണിയന്റെ ഹർത്താലാണ്. ഇതുമുഖേന രോഗികൾ വിഷമിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി രോഗികളെ– ചികിത്സയുടെ അവകാശം നിഷേധിക്കുന്നുവെന്ന് മാത്രമല്ല, ചിലപ്പോൾ അവരുടെ ജീവിതംകൊണ്ട് പന്താടുകയാണ്. എനിക്കോർമ്മയുണ്ട്. ജപ്പാനിലെ പര്യടനത്തിന്നിടയിൽ വലിയ മാന്യനായ ഒരു പാതിരി എന്നോട് സമാധാനത്തിന്റെ നിർവചനമെന്താണെന്നും അതെങ്ങനെ സ്ഥാപിക്കാമെന്നും ചോദിച്ചു; തനിക്ക് ഇതുവരെ തൃപ്തികരമായ മറുപടി കിട്ടിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ഞാനദ്ദേഹത്തോടു പറഞ്ഞു: (ആദ്യമെ പറഞ്ഞുകഴിഞ്ഞതാണ്) ഇസ്ലാം പറയുന്നത് നിങ്ങൾ എന്തൊന്ന് നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് അന്യർക്കുവേണ്ടിയും ഇഷ്ടപ്പെടുക. അങ്ങനെ ചെയ്താൽ പരസ്പരം അവകാശങ്ങൾ നിലനിറുത്തുകയായിരിക്കും ചെയ്യുന്നത്. അവകാശം നിലനിന്നാൽ സമാധാനമുണ്ടാകും. പിന്നീട് നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുന്നവരായിത്തീരും. അദ്ദേഹം പറഞ്ഞു: ഈ നിർവചനം എന്റെ മനസ്സിന് തൃപ്തി നല്കിയിരിക്കുന്നു. ഇത് ആദ്യമായിട്ടാണ് ഞാൻ കേൾക്കുന്നത്.

ഇന്ന് ഇസ്ലാമിനു മാത്രമെ എല്ലാ കാര്യങ്ങളിലും യഥാർഥമായ വഴി കാണിക്കാൻ പറ്റുകയുള്ളൂ. പക്ഷേ, ഇതിന്റെ കർമപരമായ മാതൃക കാണിക്കാത്തിടത്തോളം നമുക്ക് ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ സാധിക്കുകയില്ല. നമ്മൾ അനുവദനീയമായ അവകാശംപോലും വിട്ടുകൊടുക്കാൻ തയ്യാറാകുമ്പോൾ പിന്നെ അനുവദനീയമല്ലാത്ത അവകാശം എടുക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. അപ്പോൾ സമാധാനമുണ്ടാകും. കാരണം സമാധാനം സ്ഥാപിതമാകണം. നമ്മൾ അനുവദനീയമായ നമ്മുടെ അവകാശം വിട്ടുകൊടുക്കുകയാണെങ്കിൽ ഒന്നും സംഭവിക്കാനില്ല. ഇതുണ്ടാകുമ്പോൾ, ഒരു സമൂഹത്തിൽ ഇരുഭാഗത്തുനിന്നും അവകാശങ്ങൾ നിറവേറ്റുന്നതിന് ശ്രമം ഉണ്ടായിക്കൊണ്ടിരിക്കും. അപ്പോൾ രണ്ടാമത്തെ കക്ഷിയും മുഅ്മിനാണെങ്കിൽ അനുവദനീയമല്ലാത്ത അവകാശം എടുക്കുകയില്ല. ഒരാളുടെ അനുവദനീയമല്ലാത്ത അവകാശം പരസ്പരം എടുക്കുകതന്നെ സാധ്യമല്ല. പക്ഷേ, കഷ്ടമെന്നുപറയട്ടെ! ചിലപ്പോൾ ഖളായിൽ അത്തരം കാര്യങ്ങൾ വരാറുണ്ട്. അതായത് നമ്മുടെ ജമാഅത്തിലും സഹോദരൻ സഹോദരന്റെ അവകാശം പിടിച്ചുവെക്കുന്നു. അല്ലെങ്കിൽ മറ്റു ബന്ധുക്കളുടെ അവകാശങ്ങൾ കൈവശപ്പെടുത്തിവെക്കുന്നു. നമ്മൾ ഞാൻ പറഞ്ഞ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ നമ്മുടെ ഖളായുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടാവുന്നതാണ്.

വഴക്കും കലഹവും അവസാനിപ്പിക്കാൻ ഇസ്ലാം എന്തു ചിന്തയാണ് നമുക്ക് നല്കുന്നത്. നമ്മുടെ മുമ്പിലുള്ള സ്വഹാബാക്കളുടെ മാതൃക എന്താണ്. നിവേദനങ്ങളിൽ വന്നിരിക്കുന്നു. ഒരിക്കൽ ഇമാം ഹസനും ഇമാം ഹുസയ്നും തമ്മിൽ ഏതോ കാര്യത്തിൽ വഴക്കുണ്ടായി. സഹോദരങ്ങൾ തമ്മിൽ ഇങ്ങനെയൊക്കെയുള്ള എന്തെങ്കിലും ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഹദ്റത്ത് ഇമാം ഹസന്റെ സ്വഭാവം വളരെ പക്വമായിരുന്നു. മൃദുലത ഉണ്ടായിരുന്നു. പക്ഷേ, ഇമാം ഹുസയ്ന്റെ സ്വഭാവത്തിൽ കാർക്കശ്യമായിരുന്നു. വഴക്കുണ്ടായപ്പോൾ ഹദ്റത്ത് ഇമാം ഹുസയ്ൻ കൂടുതൽ കാർക്കശ്യം കാണിച്ചു. ഹദ്റത്ത് ഇമാം ഹസൻ ക്ഷമയോടെ പ്രവർത്തിച്ചു. ഈ വഴക്കുണ്ടാക്കുമ്പോൾ മറ്റു ചില സ്വഹാബാക്കളും അവിടെ ഉണ്ടായിരുന്നു. വഴക്ക് അവസാനിച്ചപ്പോൾ രണ്ടാമത്തെ ദിവസം ഹദ്റത്ത് ഇമാം ഹസൻ അതിവേഗതിൽ നടന്നുപോകുന്നത് ഒരാൾ കണ്ടു. എവിടെ പോകുകയാണെന്ന് അദ്ദേഹം ഇമാം ഹസനോടു ചോദിച്ചു. ഹദ്റത്ത് ഹസൻ പറഞ്ഞു: 'ഞാൻ ഹുസയ്നോടു മാപ്പ് ചോദിക്കാൻ പോകുകയാണ്.' അയാൾ പറഞ്ഞു. താങ്കൾ മാപ്പ് ചോദിക്കാൻ പോകുകയാണോ? ആ വഴക്ക് നടക്കുമ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. ഹുസയ്നാണ് നിങ്ങളുടെമേൽ അതിക്രമം

കാണിച്ചത്. അദ്ദേഹമാണ് നിങ്ങളോടു മാപ്പ് ചോദിക്കേണ്ടത്. താങ്കളല്ല. ഹദ്റത്ത് ഹസൻ പറഞ്ഞു: ശരിതന്നെ. ഞാൻ അദ്ദേഹത്തോടു മാപ്പു ചോദിക്കാൻ പോകുന്നത്, അദ്ദേഹം എന്നോടു അതിക്രമം ചെയ്തതുകൊണ്ടാണ്. കാരണം ഒരു സ്വഹാബി എന്നെ കേൾപ്പിക്കുകയുണ്ടായി, നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു: രണ്ടുപേർ പരസ്പരം വഴിക്കിടുമ്പോൾ അവരിലാരാണോ ആദ്യം ഇണങ്ങുന്നത് അവൻ മറ്റവനെക്കാൾ 500 വർഷം മുമ്പേ സ്വർഗത്തിൽ കടക്കുന്നതാണ്. ഇതു കേട്ട് ഞാൻ വിചാരിച്ചു, ഇന്നലെ ഞാൻ ഹുസയ്നിൽനിന്ന് അതുമിതുമൊക്കെ കേട്ടു. അദ്ദേഹം എന്നോടു അതിക്രമം ചെയ്തു. ഇപ്പോൾ ഹുസയ്ൻ മാപ്പു ചോദിക്കുന്നതിന് എന്റെയടുത്തു വരികയാണെങ്കിൽ, അദ്ദേഹം ഇണങ്ങുകയാണെങ്കിൽ എനിക്ക് ഇരുലോകവും നഷ്ടപ്പെടുന്നതാണ്. അതുകൊണ്ട്, എന്നിലെന്തായാലും അതിക്രമം ഉണ്ടായത് ഉണ്ടായിക്കഴിഞ്ഞു, ഇനി ഞാൻ അതിനുപകരം എനിക്കു സ്വർഗ്ഗം 500 വർഷം മുമ്പേ കിട്ടാൻ ആദ്യം പോയി മാപ്പ് ചോദിക്കാൻ തീരുമാനിച്ചു.'(അൽഫള്ൽ 23-05-1944 പേജ് 4 കോളം 2-3 വാല്യം 32 നമ്പർ 119) ഈ ചിന്താഗതിയാണ് നമ്മൾ നമ്മളിൽ നടപ്പിൽ വരുത്തേണ്ടത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്തു പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഞാൻ ഈ ഫലിതം കേട്ടതാണ്. അത് മഖാമാത്തെ ഹരീരിയിലേയോ മറ്റേതോ ഗ്രന്ഥത്തിൽ വന്നതോ ആയ കഥയാണ്. അവിടന്ന് പറയുമായിരുന്നു. ഏതോ ഒരു അതിഥി ഒരിടത്ത് കുളിക്കാൻ പോയി. കുളിപ്പുരയുടെ ഉടമസ്ഥൻ വിവിധ അടിമകളെ സേവനത്തിനായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. രാജ്യങ്ങളിൽ കുളിമുറികളുണ്ട്. അതിഥികളെ മാലിശ് ചെയ്ത് കുളിപ്പിക്കുന്നതിന് സേവകരുണ്ട്. സന്ദർഭവശാൽ ഇപ്പോൾ ഉടമസ്ഥൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾ കുളിക്കുന്നതിനു വേണ്ടി കുളിമുറിയിൽ കയറി. അപ്പോൾ എല്ലാ അടിമകളും വന്ന് അയാളെ പൊതിഞ്ഞു. തലയാണ് എളുപ്പത്തിൽ മാലിശ് ചെയ്യാൻ പറ്റിയത്. അതുകൊണ്ട് എല്ലാവരും വന്നു വീണത് തലയിലാണ്. എന്റെ തലയാണെന്ന് ഒരാൾ പറഞ്ഞു. അല്ല തന്റെ തലയാണെന്ന് വേറൊരാൾ പറഞ്ഞു. അങ്ങനെ പരസ്പരം വഴക്കായി. ഒരാൾ മറ്റൊരാളെ കുത്തി. അയാൾക്ക് മുറിവു പറ്റി. ഒച്ചയും ബഹളവും ഉണ്ടായപ്പോൾ പോലീസും വന്നു. പ്രശ്നം കോടതിവരെ എത്തി. കോടതിയുടെ മുമ്പിലും ഇതു തന്റെ തലയാണെന്ന് ഒരു അടിമ പറഞ്ഞു. മറ്റൊരാൾ പറഞ്ഞു തന്റെ തലയാണെന്ന്. കോടതി കുളിക്കാൻ വന്നവനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: തിരുമേനി! ഇവർ തല ഇല്ലാത്തവരാണ്. വിഢ്ഢികളാണ്. അവർ പറയുന്നതിൽ എനിക്കത്ഭുതമില്ല. അത്ഭുതമെനിക്കു തോന്നുന്നത് അങ്ങ് ചോദിച്ചതിലാണ്. വാസ്തവത്തിൽ തല അവന്റേതല്ല. ഇവന്റേതുമല്ല. എന്റേതായിരുന്നു.

ലോകത്തുള്ള വഴക്കുകൾ നിരർത്ഥങ്ങളാണെന്ന് പറയാനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഉദാഹരണം പറയാറുണ്ടായിരുന്നത്. എന്റേതെന്ത്? നിന്റേതെന്ത്? അടിമക്കാണെങ്കിൽ ഒന്നുംതന്നെ ഉണ്ടാകുകയില്ല. അവൻ തന്നെക്കുറിച്ച് ഞാൻ അബ്ദുല്ലായാണെന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം അവന് ഒന്നും തന്നെയില്ല എന്നാണ്. ഒരു യഥാർഥ മുസ്‌ലിമിനെക്കുറിച്ച് പറയുമ്പോൾ, അല്ലാഹുവിന്റെ ദാസൻ ഞാൻ-നീ എന്നു പറഞ്ഞുനടക്കുകയില്ല. അവൻ അല്ലാഹുവിന്റെ ദാസനായിരിക്കും. അബ്ദുല്ലാഹ് എന്ന് പറയുമ്പോൾ അവന് ഒന്നുമില്ല എന്ന നിലയിലല്ല മറിച്ച് എല്ലാം അല്ലാഹുവിന്റേതാണ് എന്നർഥത്തിലാണ്. അല്ലാഹുവിന്റെ യഥാർഥ വിശ്വാസിയാകുമ്പോൾ, എല്ലാം അല്ലാഹുവിന്റേതാണെന്ന് പറയുന്നതായിരിക്കും. അതിനുശേഷം എന്റെ നിന്റെ എന്നുള്ള പ്രശ്നം തന്നെ അവശേഷിക്കുകയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: വിശുദ്ധഖുർആൻ വായിച്ചുനോക്കുക. അതിൽ നബി(സ) തിരുമേനിയുടെ പേരും അബ്ദുല്ലാ എന്ന് വെക്കപ്പെട്ടിരിക്കുന്നു. ലമ്മാ ഖാമ അബ്ദുല്ലാഹ് എന്ന് വന്നിട്ടുള്ളതുപോലെ. അല്ലാഹുവിന്റെ അടിമയാണെങ്കിലും നമ്മുടേതായ ഒരു വസ്തുവും ഉണ്ടാകുകയില്ല. പ്രത്യുത സർവവും അല്ലാഹുവിന്റേതാണ്. അതുകൊണ്ട് വിശുദ്ധഖുർആൻ വ്യക്തമായും പറഞ്ഞു: നാം സത്യവിശ്വാസികളിൽനിന്ന് അവരുടെ ധനവും ജീവനും വിലക്കുവാങ്ങിയിരിക്കുന്നു. സ്നേഹിതനും കുടുംബക്കാരനും ജീവന് വിധേയമായി വരുമ്പോൾ അവശേഷിക്കുന്ന സ്വത്തുവകകൾ ധനത്തിന്റെ കീഴെ വരുന്നു. മനുഷ്യൻ ഉടമസ്ഥനാകുന്നത് ഈ രണ്ടു കാര്യങ്ങൾക്കുമാണ്. അല്ലാഹു പറയുന്നു: നാം ഈ രണ്ടു കാര്യങ്ങളും സത്യവിശ്വാസികളിൽനിന്ന് വിലക്കെടുത്തിരിക്കുന്നു. അവരുടെ ജീവനും വാങ്ങിയിരിക്കുന്നു. അവരുടെ സമ്പത്തും വാങ്ങിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം നിങ്ങളിൽ കലഹമുണ്ടാകരുതെന്നതാണ്. ഈ വസ്തുക്കൾ എന്റേതാണ്, അവന്റേതാണ് എന്ന് പറഞ്ഞ് കലഹിക്കരുത്. എന്റേയും നിന്റേയും എന്ന പ്രശ്നംതന്നെ ഇവിടെയില്ല. നിങ്ങൾ നിങ്ങളുടെ ലക്ഷ്യസ്ഥാനത്തു എത്തിച്ചേരുന്നതിന് ശക്തി ചെലുത്തുക. ഇയാളെന്തിന് പ്രസിഡന്റായി എന്നു തുടങ്ങിയ കാര്യങ്ങൾ ഉപേക്ഷിക്കുക. ഇവിടെ തിരഞ്ഞെടുപ്പിന്റെ കാര്യമുണ്ടായി. ഭാരവാഹികളെക്കുറിച്ചുള്ള കാര്യങ്ങളുണ്ടായി. ചിലയാളുകൾ ഇന്നയാൾ എങ്ങനെയാണ് ഇമാമുസ്സ്വലാത്തായത് എന്നു പറഞ്ഞ് കലഹങ്ങൾ സൃഷ്ടിക്കുന്നു; ഞങ്ങൾ അയാളുടെ പിന്നിൽ നമസ്കരിക്കുകയില്ലെന്ന് പറയുന്നു. നിങ്ങൾ എങ്ങനെ പ്രസിഡണ്ടായി, ഇന്നയാൾ എന്തുകൊണ്ട് പ്രസിഡണ്ടായില്ല. ഇന്നയാൾ എങ്ങനെ സെക്രട്ടറിയായി. ഇന്നയാൾ എന്തുകൊണ്ട് സെക്രട്ടറിയായില്ല. ഇന്നയാൾ ഇമാം ആകാത്തിടത്തോളം ഇന്നയാളുടെ പിന്നിൽ നമസ്കരിക്കുകയില്ലെന്ന് പറയുന്നു.' (ഖുത്ബാത്തെ മഹ്മൂദ് വാല്യം 16 പേജ് 270 -271)

ഇക്കാര്യങ്ങൾ കേൾക്കാനുള്ളത് മാത്രമല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ അത്തരക്കാരുണ്ടായിരുന്നു. ഇപ്പോൾ ഇല്ല എന്ന് ചിലയാളുകൾ ചിന്തിക്കുന്നുണ്ടാകും. ഇപ്പോഴും അത്തരം പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. അക്കാലഘട്ടത്തിൽ സ്വഹാബാക്കളുണ്ടായിരുന്നു. അത്തരം തലതിരിഞ്ഞവരെ അവർ നന്നാക്കിയെടുക്കുകയും ചെയ്തിരുന്നു. പക്ഷേ, നമ്മൾ നുബുവ്വത്തിന്റെ കാലഘട്ടത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. ഇക്കാലത്തും വരുംകാലത്തും നമ്മൾ കൂടുതൽ അകന്നുകൊണ്ടിരിക്കും. നമ്മൾ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. മുമ്പേയും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കഴിഞ്ഞിട്ടുള്ളതാണ്; നമുക്ക് ഒരുപാട് സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. അബ്ദുല്ലാഹ് ആയിത്തീരുന്നതിന് എങ്ങനെയാണ് നമ്മൾ കടമ നിറവേറ്റേണ്ടതെന്ന് മുമ്പത്തെക്കാൾ കൂടുതൽ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ പിടിവാശിയും ഈഗോയും ഉപേക്ഷിക്കണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് വേളകളിലും ഇത്തരം ചോദ്യങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു; ഭൂരിപക്ഷവും വോട്ടിനെതിരിൽ തീരുമാനം നല്കുമ്പോൾ. ചിലപ്പോൾ, ചില അവസ്ഥകളിൽ, ഇത്തരത്തിലുള്ള ചോദ്യങ്ങൾ ആളുകൾ എഴുതിക്കൊണ്ടിരിക്കുന്നു. ഇതും തിരഞ്ഞെടുപ്പിന്റെ വർഷമാണ്. ജമാഅത്തുപരമായ നിലയിലും ഈ വർഷം തിരഞ്ഞെടുപ്പ് നടക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങളുടെ ചിന്താഗതികളെ, എല്ലാവരും ശരിയാക്കേണ്ടതാണ്. ദുആയ്ക്കുശേഷം എല്ലാ ബന്ധങ്ങളേയും എല്ലാ കുടുംബബന്ധങ്ങളേയും ഉപേക്ഷിച്ച് നിങ്ങളുടെ വോട്ടവകാശം ശരിയായ നിലയിൽ ഉപയോഗിക്കുക. നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക. അതിനുശേഷം എന്തു വിധിയാണോ ഉണ്ടാകുന്നത് അതംഗീകരിക്കുക. എല്ലാവരും സമ്പൂർണമായനിലയിൽ അവരുടെ വ്യക്തിപരമായ കാര്യങ്ങൾക്കതീതമായി തങ്ങളുടെ വിധിയെഴുതുക. ഉപസംഘടനകളിലും ഇത്തരം ചോദ്യങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ രണ്ടു ദിവസം മുമ്പേ, ഒരു രാജ്യത്ത് ഒരു മജ്‌ലിസിന്റെ ലജ്നയുടെ തിരഞ്ഞെടുപ്പ് നടന്നു. ഇന്നയാളെ എന്തിനാണ് ആക്കിയത്, ഇന്നയാളെ എന്തുകൊണ്ട് ആക്കിയില്ല എന്നു ചോദിച്ചുകൊണ്ട് അവിടെനിന്ന് കത്തു വന്നിരിക്കുന്നു; അവർ അങ്ങനെയാണ്, ഇങ്ങനെയാണ് എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള കത്താണ്. ഇത്തരം നിരർഥകാര്യങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ആരെയാണോ, ഇത്രകാലത്തേക്ക് ആക്കുന്നത്- ആക്കപ്പെട്ട സ്ഥിതിക്ക് അയാളെ പൂർണമായും സഹായിക്കേണ്ടതാണ്.

പിന്നീട് ഒരു കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഒരു കാര്യമുണ്ട്. മുഅ്മിൻ ഉറച്ചതീരുമാനത്തോടുകൂടി പരിശ്രമിക്കുകയും അത് അവസാനംവരെ എത്തിക്കുകയും മറ്റുള്ളവരെ ആശ്രയിക്കുന്നതിനു പകരം- അത് ഓഫീസറാകട്ടെ, ഭാരവാഹികളാകട്ടെ സ്വയം നേരിട്ട് എല്ലാ ജോലികൾക്കും മേൽനോട്ടം വഹിക്കുകയും involveവാകാൻ ശ്രമിക്കുകയും ചെ യ്യുക. അപ്പോഴാണ് പ്രവൃത്തി ശരിയായ നിലയിൽ അവസാനംവരെ എത്തുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. ഒരു സമ്പന്നനുണ്ടായിരുന്നു. അയാൾക്ക് വലിയൊരു ഭക്ഷണശാല ഉണ്ടായിരുന്നു. ഒരു പാട് പാവങ്ങൾ അവിടെനിന്ന് നിത്യവും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. പക്ഷേ, അച്ചടക്കം ഒട്ടും ഉണ്ടായിരുന്നില്ല. ആ സമ്പന്നന് മേൽനോട്ടം വഹിക്കാനുള്ള താൽപര്യമുണ്ടായിരുന്നില്ല. അതിലേക്ക് അയാൾ ശ്രദ്ധിച്ചതുമില്ല. തൊഴിലാളികൾ വഞ്ചകരും ചതിയരുമായിരുന്നു. സാധനങ്ങൾ കൊണ്ടുവരുന്നവർ വലിയ വിലകൊടുത്താണ് കൊണ്ടുവന്നിരുന്നത്. അതാണെങ്കിൽ കുറവും. കുറച്ച് തങ്ങളുടെ വീടുകളിലേക്ക് കൊണ്ടുപോകുമായിരുന്നു. ഭക്ഷണം പാചകം ചെയ്യുന്നവർ സ്വയം തിന്നുകയും കുറച്ച് ബന്ധുക്കൾക്ക് കൊടുക്കുകയും ചെയ്തിരുന്നു. കുറച്ച് നഷ്ടപ്പെടുത്തിക്കളയുമായിരുന്നു. സ്റ്റോർറൂം എപ്പോഴും തുറന്നുകിടന്നിരുന്നു. രാത്രി മുഴുവൻ നായും കുറുക്കനും സാധനങ്ങൾ തിന്നുമുടിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു. തൽഫലമായി അതിന്റെ ഉടമസ്ഥൻ കടക്കാരനായി. 20 വർഷത്തെ അച്ചടക്കരാഹിത്യത്തിനുശേഷം, താങ്കൾ കടക്കാരനായിക്കഴിഞ്ഞിരിക്കുന്നുവെന്ന് അയാളോടു പറയപ്പെട്ടു. അയാൾ ദാനശീലനായിരുന്നു. അതുകൊണ്ട് ലങ്കർ അടച്ചുപൂട്ടുന്നത് അയാൾ ഇഷ്ടപ്പെട്ടില്ല. പക്ഷേ, അവിടെയാണെങ്കിൽ കടംവീട്ടണമെന്ന ചിന്തയും അയാൾക്കുണ്ടായിരുന്നു. അയാൾ തന്റെ സുഹൃത്തുക്കളെ വിളിച്ചു. തങ്ങളുടെ കുറവുകൾ ആരും പറഞ്ഞില്ല. ആരും അത് പറയുകയുമില്ല. ഈ രീതിയിലാണ് കടം വന്നതെന്ന് എല്ലാവരും പറഞ്ഞു. അവരെല്ലാവരും പറഞ്ഞു, സ്റ്റോർറൂമിന് വാതിലില്ല. രാത്രി മുഴുവനും നായും കുറുക്കനും സാധനങ്ങൾ നശിപ്പിക്കുന്നു. അതുകൊണ്ട് ഒരുപാട് സാധനം നഷ്ടപ്പെട്ടുപോകുന്നു. സ്റ്റോർ റൂമിന് വാതിൽ പിടിപ്പിച്ചാൽ ഒരുപരിധിവരെ മിച്ചം പിടിക്കാവുന്നതാണ്. വാതിൽപിടിപ്പിക്കാൻ അയാൾ നിർദ്ദേശിച്ചു. അങ്ങനെ വാതിൽ പിടിപ്പിച്ചു. ഇതൊരു കഥയാണ്. കഥകളിൽ നായും കുറുക്കനുമെല്ലാം സംസാരിക്കാറുണ്ട്. പറയുന്നു: രാത്രിയിൽ സ്റ്റോർ റൂമിന് വാതിൽപിടിപ്പിച്ചിരിക്കുന്നതു നായും കുറുക്കനും കണ്ടു. അവർ ബഹളം വെച്ചു. പെട്ടെന്ന്

ഒരു വൃദ്ധനും സമർഥനുമായ കുറുക്കനോ നായോ വന്ന് എന്തിനാണ് നിങ്ങൾ ബഹളം വെക്കുന്നതെന്ന് ചോദിച്ചു. മറ്റുള്ളവർ പറഞ്ഞു: സ്റ്റോർ റൂമിന് താഴിട്ടിരിക്കുന്നു. ഞാൻ എവിടന്നു തിന്നാനാണ്. ഞങ്ങളുടെ പ്രദേശത്തെ എല്ലാ നായ്ക്കളും കുറുക്കന്മാരും ഇവിടന്നാണ് തിന്നാറുണ്ടായിരുന്നത്. അവൻ പറഞ്ഞു: നിങ്ങൾ വെറുതെ ബഹളം വെച്ചും ഒച്ചയുണ്ടാക്കിയും സമയം കളയുകയാണ്. 20 വർഷമായി തന്റെ വീട് കൊള്ളയടിക്കുന്നതു കണ്ടിട്ടും അതിന് ഒരേർപ്പാടും ചെയ്യാത്തവന്റെ സ്റ്റോർ ആര് അടച്ചുപൂട്ടാനാണ്. അയാൾ എന്തായാലും നേരിട്ട് ഇത് നോക്കിനടത്തുകയില്ല. അതുകൊണ്ട് നിങ്ങൾ ഒന്നുകൊണ്ടും പരിഭ്രമിക്കണ്ട.

ഈ കഥയിൽ പറയപ്പെട്ടിരിക്കുന്നത് ആഗ്രഹിക്കുകയാണെങ്കിൽ എന്നതും ആഗ്രഹിക്കുന്നു എന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നാണ്. നായ്ക്കളും കുറുക്കന്മാരും ബഹളമുണ്ടാക്കി. ഉടമസ്ഥൻ ആഗ്രഹിക്കുകയും വാതിൽ അടയ്ക്കുകയും ചെയ്താൽ നമ്മൾ എവിടെന്നാണ് തിന്നുക? അവരുടെ പരിചയസമ്പന്നനും സമർഥനുമായ ലീഡർ പറഞ്ഞു: ആ സമ്പന്നനായ മനുഷ്യൻ അങ്ങനെ ആഗ്രഹിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. അയാൾ ശ്രദ്ധിക്കുകയുമില്ല. അപ്പോൾ നിങ്ങൾ ബഹളംവെക്കേണ്ട ആവശ്യമെന്താണ്? ഇതു വിവരിച്ചതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമ്മുടെ ജമാഅത്ത് ആഗ്രഹിക്കുകയേ ഇല്ലെങ്കിൽ ഒന്നും നടക്കുകയില്ല. പക്ഷേ, അവർ ആഗ്രഹിക്കുകയാണെങ്കിൽ വലിയ വലിയ ദുർഘടമായ ജോലികൾപ്പോലും ദിവസങ്ങൾകൊണ്ടു ചെയ്യാൻ കഴിയുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഞങ്ങളുടെ കുട്ടിക്കാലത്തെ കഥകളിൽ അലാവുദ്ദീന്റെ അത്ഭുതവിളക്ക് വളരെ പ്രശസ്തമായിരുന്നു. അലാവുദ്ദീൻ ഒരു ദരിദ്രനായിരുന്നു. അയാൾക്ക് ഒരു വിളക്ക് കിട്ടി. അയാൾ ആ വിളക്ക് ഉരസുമ്പോൾ ഒരു ജിന്ന് പ്രത്യക്ഷപ്പെടും. കുട്ടികൾക്കുള്ള കഥ ഇങ്ങനെ സൃഷ്ടിച്ചിരിക്കുകയാണ്. അതിനോടു അയാൾ എന്തുപറഞ്ഞാലും ക്ഷണത്തിൽ തയ്യാറാക്കി അത് മുമ്പിൽ വെക്കും. അതിനോടു ഒരു കൊട്ടാരമുണ്ടാക്കാൻ പറഞ്ഞാൽ ഉടനെ അത് കൊട്ടാരമുണ്ടാക്കും. പറയുന്നു, കുട്ടിക്കാലത്തു ഞങ്ങൾ മനസ്സിലാക്കിയിരുന്നത് അലാവുദ്ദീന്റെ അത്ഭുതവിളക്ക് ഒരു സത്യസംഭവമാണെന്നായിരുന്നു; പക്ഷേ, വലുതായപ്പോൾ അതൊരു സാങ്കല്പിക കഥയാണെന്ന് മനസ്സിലായി. അതിനുശേഷം യുവത്വത്തിൽനിന്ന് വാർധക്യത്തിലേക്ക് വന്നപ്പോൾ ഇക്കാര്യം ശരിയാണെന്ന് മനസ്സിലായി. (വാർധക്യത്തിലേക്ക് വന്നപ്പോൾ ഇക്കാര്യം ശരിയാണെന്ന് മനസ്സിലായി എന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞപ്പോൾ അവിടെ ഇരുന്നവർക്ക് അത്ഭുതം തോന്നിയിട്ടുണ്ടാകും.) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, 'വാർധക്യത്തിലേക്ക് കടന്നപ്പോൾ ഇക്കാര്യം ശരിയാണെന്നും അലാവുദ്ദീന്റെ അത്ഭുതവിളക്ക് തീർച്ചയായുമുണ്ടെന്നും മനസ്സിലായി. പക്ഷേ, പറയുന്നു: അത് എണ്ണകൊണ്ടു തെളിയുന്ന വിളക്കല്ല. മറിച്ച് നിശ്ചയദാർഢ്യത്തിന്റേയുംഉറച്ചതീരുമാനത്തിന്റേയും വിളക്കാണ്. അല്ലാഹു ആ വിളക്ക് ആർക്കാണോ നല്കുന്നത് അവൻ അതിനെ ചലിപ്പിക്കുന്നു. നിശ്ചയദാർഢ്യവും ഉറച്ചതീരുമാനവും അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽപ്പെട്ടതാകുന്നു എന്നതാണ് അതിന് കാരണം;അല്ലാഹു ഉണ്ടാകുക എന്നു പറയുമ്പോൾ ആ പ്രവർത്തി ഉണ്ടാകാൻ തുടങ്ങുന്നതുപോലെ! അതിനെ പിൻപറ്റി, അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് (ഇപ്പറയുന്നതെല്ലാം അതിനുള്ള നിബന്ധനകളാണ്)അവനോടു ദുആ ചെയ്തുകൊണ്ട്, അവനോടു സഹായം തേടിക്കൊണ്ട് ഏതെങ്കിലും മനുഷ്യൻ 'കുൻ' (ഉണ്ടാകുവിൻ) എന്നു പറഞ്ഞാൽ അത് ഉണ്ടാകുന്നു. കുട്ടിക്കാലത്ത് ഞങ്ങൾ അലാവുദ്ദീന്റെ അത്ഭുതവിളക്കിൽ വിശ്വസിച്ചിരുന്നു. പക്ഷേ, യുവത്വത്തിൽ ഞങ്ങളുടെ ഈ ചിന്താഗതിക്ക് ഇളക്കം തട്ടി. എന്നാൽ, വാർധക്യത്തിൽ ദീർഘമായൊരു അനുഭവത്തിനുശേഷം അലാവുദ്ദീന്റെ അത്ഭുതവിളക്ക് എന്ന കഥ സത്യമാണെന്ന് മനസ്സിലായി. പക്ഷേ, ഇതൊരു ആലങ്കാരിക ഉപദേശ കഥയാണ്. വിളക്ക് പിച്ചളയുടേതല്ല. നിശ്ചയദാർഢ്യത്തിന്റേയും ഉറച്ചതീരുമാനത്തിന്റേ യും വിളക്കാണ്. അത് ഉരസുമ്പോൾ എത്ര വലിയ ജോലിയാണെങ്കിലും പെട്ടെന്ന് നടക്കുന്നതാണ്.' (അൽഫദ്ൽ 24-01-1962 പേജ് 2-3 വാള്യം 16/51 നമ്പർ 20)

നമ്മൾ വെറും 'ആഗ്രഹിക്കുകയാണെങ്കിൽ' എന്നതിൽ ഒതുങ്ങിനില്ക്കാതെ 'ആഗ്രഹിക്കുന്നു' എന്ന നിലയിൽ ചിന്തിക്കേണ്ടതാണ്. ആഗ്രഹിക്കുന്നതിനോടൊപ്പം നമ്മുടെ എല്ലാ കഴിവുകളോടും കൂടി ആ ജോലി ചെയ്യേണ്ടതും അല്ലാഹുവിനോടു സഹായം തേടേണ്ടതുമാണ്. ചിലപ്പോൾ ആഗ്രഹിച്ചിട്ടും ചില ജോലികൾ നടക്കാറില്ല. കാരണം ആ ആഗ്രഹം മനമില്ല മനസ്സോടെ ആയിരിക്കും. ഇവിടെ പറഞ്ഞ എല്ലാ നിബന്ധനകളും ഉൾക്കൊള്ളുന്നതുമായിരിക്കുകയില്ല. ദൃഢനിശ്ചയവും സഹിഷ്ണുതയും അധ്വാനവും ഒന്നുമുണ്ടായിരിക്കുകയില്ല. ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് മനസ്സിൽ വിചാരിക്കുകമാത്രമാണ്. പ്രത്യേകമായും ഞാൻ ഇക്കാര്യം ശ്രദ്ധിക്കാറുണ്ട്. നമസ്കാരത്തിന്റെ പ്രശ്നം വരുമ്പോൾ, നമസ്കാരം കൃത്യനിഷ്ഠയോടെ നിർവഹിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുണ്ട്, തങ്ങൾക്കുവേണ്ടി പ്രാർഥിക്കണം എന്നുപറഞ്ഞുകൊണ്ട് നിരവധിയാളുകൾ എന്റയടുത്ത് വരാറുണ്ട്. മറ്റു ജോലികൾ ചെയ്യാൻ ആഗ്രഹിക്കുമ്പോൾ അത് ചെയ്യുന്നു. പക്ഷേ, നമസ്കരിക്കാൻ ആഗ്രഹിക്കുമ്പോൾ, അശ്രദ്ധയോടെ ആഗ്രഹിക്കുകയും, തന്റെ മുഴുവൻ കഴിവുകളും അതിൽ ഉപയോഗിക്കാതിരിക്കുകയും, അല്ലാഹുവിനോടു സഹായം ചോദിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ നമസ്കാരത്തിന്റെ ശീലവുമുണ്ടാകുന്നില്ല. അത്തരക്കാരുടെ ആഗ്രഹിക്കുക എന്നത് യഥാർഥത്തിൽ ആഗ്രഹിക്കാതിരിക്കലാണ്. മനുഷ്യൻ ആഗ്രഹിച്ചിട്ടും കാര്യം നടക്കാതിരുക്കുക എന്നത് അസംഭാവ്യമാണ്. നമസ്കാരം യഥാർഥത്തിൽ അവർക്ക് രണ്ടാം കാര്യമാണ്. ഭൗതികകാര്യങ്ങൾക്കായിരിക്കും അവർ മുൻഗണന നല്കുന്നത്. അത് ഒരു തെറ്റായ വഴിയാണ്. അതുകൊണ്ട് അതനുസരിച്ച് കർമമുണ്ടാകുകയില്ല. മനുഷ്യൻ ആഗ്രഹിക്കുകയും ഉറച്ചതീരുമാനമെടുക്കുകയും ചെയ്തിട്ട് ആ കാര്യം നടക്കാതിരിക്കുന്നതെങ്ങനെയാണ്. അതിനാൽ ഇത് നമ്മുടെ അലസതകളാണ്. താൽപര്യമില്ലായ്മയാണ്. അതിന് അകാരണമായി 'ആഗ്രഹിക്കുന്നു'എന്ന പേര് നല്കപ്പെടുകയാണ്.

ഒരു സംഭവം വിവരിക്കുന്നതിന് മുമ്പേ അവിടന്ന് പറയുന്നു:'ഞങ്ങൾ ചെറുപ്പത്തിൽ ഒരു കഥ കേൾക്കാറുണ്ടായിരുന്നു. അതു കേട്ട് ചിരിക്കാറുമുണ്ടായിരുന്നു. വാസ്തവത്തിൽ അത് ചിരിക്കാനുള്ളതായിരുന്നില്ല. മറിച്ച് കരയുന്നതിനുവേണ്ടി രചിക്കപ്പെട്ടതായിരുന്നു. അതിൽ ഇക്കാലത്തെ മുസ്‌ലീംകളുടെ രേഖാചിത്രം കോറിയിട്ടിരിക്കുന്നു. എന്നാൽ, മൗലവി പിന്നാലെ കൂടാതിരിക്കാൻ ഈ കഥ രചിച്ചയാൾ വ്യംഗ്യഭാഷയിലാണ് മുസ്‌ലീംകളുടെ അവസ്ഥ വിവരിച്ചിട്ടുള്ളത്. (ഏതെങ്കിലും അഹ്മദി ഇത്തരം പ്രവർത്തി ചെയ്യുകയാണെങ്കിൽ അവരും ആത്മപരിശോധന നടത്തേണ്ടതാണ്). ആ കഥയിതാണ്. ഒരു അടിമസ്ത്രീ (ആരുടേയോ ജോലിക്കാരി അല്ലെങ്കിൽ സേവക)ഉണ്ടായിരുന്നു. അവർ ഇടയത്താഴത്തിന്റെ നേരത്ത് കൃത്യമായി ഉണരുമായിരുന്നു. പക്ഷേ, നോമ്പ് പിടിക്കുമായിരുന്നില്ല. മുതലാളിസ്ത്രീ മനസ്സിലാക്കിയത് അവർ തന്നെ സഹായിക്കാൻ ഉണരുന്നുവെന്നാണ്. അവർ നോമ്പ് പിടിക്കാത്തതുകൊണ്ട് അവരെ എന്തിനാണ് ബുദ്ധിമുട്ടിക്കുന്നതെന്ന് മുതലാളിസ്ത്രീ വിചാരിച്ചു. ആ നേരത്തുള്ള ജോലി താൻ സ്വയം ചെയ്യുന്നതാണെന്ന് അവർ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ രണ്ടുനാലു ദിവസം കഴിഞ്ഞ് മുതലാളിസ്ത്രീ അവരോടു പറഞ്ഞു,'നീ ഇനി ഇടയത്താഴത്തിന്റെ നേരത്ത് ഉണരണ്ട. ഞാൻതന്നെ എനിക്കുവേണ്ടതൊക്കെ ചെയ്തുകൊള്ളാം. നീ ആ നേരത്ത് ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. ആ വാക്കുകൾ കേട്ട് ആശ്ചര്യത്തോടുകൂടി ആ സ്ത്രീ മുതലാളിസ്ത്രീയിലേക്ക് നോക്കി; അവർ തന്നോടു എന്താണ് പറയുന്നതെന്ന നിലയിൽ! എന്നിട്ടു പറഞ്ഞു, 'ബീബീ! ഞാൻ നമസ്കരിക്കാറില്ല. നോമ്പും പിടിക്കാറില്ല. ഇനി ഇടയത്താഴവും കഴിച്ചില്ലെങ്കിൽ ഞാൻ എങ്ങാനും കാഫിറായിപ്പോയാലോ? യഥാർഥത്തിൽ ഇത് സാങ്കല്പികഭാഷയിൽ വിവരിച്ചിട്ടുള്ള മുസ്‌ലീംകളുടെ അവസ്ഥയാണ്.(അല്ലെങ്കിൽ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാത്തവരുടെ അവസ്ഥയാണിത്). പറയുന്നു, മറ്റു വാക്കുകളിൽ നിങ്ങൾക്കിങ്ങനെ പറയാവുന്നതാണ്. ഏതെങ്കിലും മുസൽമാനോട് പറയുകയാണെങ്കിൽ (ജുമുഅത്തുൽവിദാ ഉദ്ധരിച്ചുകൊണ്ടാണ് പറയുന്നത്, പക്ഷേ, എല്ലാ ജുമുഅയുടേയും എല്ലാ നമസ്കാരത്തിന്റേയും അവസ്ഥ ഇതുതന്നെയാണ്) മിയാ! ജുമുഅത്തുൽവിദാ നമസ്കരിച്ചതുകൊണ്ട് എന്തുകിട്ടാനാണ്? എന്തിനാണ് നിങ്ങൾ അതിനുവേണ്ടി ബുദ്ധിമുട്ടുന്നത്? മറ്റു ജുമുഅകൾ നമസ്കരിക്കുന്നില്ലെങ്കിൽ ഇതും നമസ്കരിക്കണ്ട. അപ്പോൾ അവർ ആശ്ചര്യത്തോടെ നിങ്ങളുടെ മുഖത്തേക്ക് നോക്കാൻ തുടങ്ങും. എന്നിട്ട് പറയും: എന്റെ സഹോദരാ! താങ്കൾ എന്താണ് പറയുന്നത്? നമസ്കാരത്തിന് നിത്യവും ഞാൻ മസ്ജിദിൽ പോകാറില്ല. നോമ്പു പിടിക്കാറില്ല. ഇനി ജുമുഅത്തുൽവിദായും നമസ്കരിച്ചില്ലെങ്കിൽ കാഫിറായിപ്പോയാലോ? ഒരു നേരം വന്ന് നമസ്കരിക്കുകയും അതുകൊണ്ട് നിർബന്ധ കടമകൾ നിർവഹിച്ചുവെന്ന് മനസ്സിലാക്കുകയും ചെയ്യുന്നത് ഒരു തമാശയാണ്. (;അല്ലെങ്കിൽ മസ്ജിദിൽ വന്ന് ഒരുനേരം നമസ്കരിക്കുകയും എന്നിട്ട് നിർബന്ധ കടമ നിറവേറ്റിയിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും അതു മതിയെന്ന് കരുതുകയും ചെയ്യുന്നത്). '(ഖുത്ബാത്തെ മഹ്മൂദ് വാള്യം 23 പേജ് 438-439)

നമസ്കാരത്തിലേക്ക് കൃത്യമായി ശ്രദ്ധിക്കാത്തവർ ഈ ഗ്രൂപ്പിൽപ്പെട്ടവരാണ്. അഞ്ചുനേരനമസ്കാരം ബുദ്ധിയുള്ള പ്രായപൂർത്തിയായ എല്ലാ മുസ്‌ലീംകൾക്കും നിർബന്ധമാണ്. പുരുഷന്മാർക്ക് മസ്ജിദിൽവന്ന് ജമാഅത്തോടുകൂടി നമസ്കരിക്കൽ നിർബന്ധമാണ്. അതിനുള്ള ഏർപാടുണ്ടാകേണ്ടതാണ്. ഒന്നുകിൽ പറയുക തങ്ങൾ പ്രായപൂർത്തിയായിട്ടില്ലെന്ന്. അല്ലെങ്കിൽ പറയുക, മന്ദബുദ്ധികളാണെന്ന്. എന്നാൽ അവർ പറയുന്നത് ശരിയാണ്. ഈ രണ്ടുകാര്യങ്ങളും ഇല്ലായെങ്കിൽ എല്ലായിടത്തും ജമാഅത്തായി നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

ഒരു നിവേദനം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഞാൻ നേരിട്ട് കേട്ടിട്ടുള്ളതാണ്. അവിടന്ന് പറയുമായിരുന്നു: 'ഏതെങ്കിലും രാജാവോ അമീറോ എവിടെയെങ്കിലും പോകുകയാണെങ്കിൽ അദ്ദേഹത്തിനോടൊപ്പം അദ്ദേഹത്തിന്റെ കാവൽക്കാരനും കൂടെപ്പോകാറുണ്ട്. അയാൾക്ക് ഉള്ളിൽ കടക്കാൻ അനുവാദം വാങ്ങേണ്ടിവരുന്നില്ല. ഇക്കാലത്തും നിങ്ങൾ നോക്കുക. ഏതെങ്കിലും മന്ത്രിയോ മറ്റാരെങ്കിലുമോ വന്നാൽ അദ്ദേഹത്തിന്റെ പ്രോട്ടോക്കാൾ അനുസരിച്ചുള്ള ഓഫീസറോ കാവൽക്കാരോ കൂടെപ്പോകുന്നു. അവർ പ്രത്യേകം അനുവാദമെടുക്കാറില്ല. പറഞ്ഞു: നിങ്ങളുടെ അവസ്ഥ എത്രതാണതാണെങ്കിലും നിങ്ങൾ മലക്കുകളുമായി ബന്ധം വെക്കുകയാണെങ്കിൽ അവരെവിടെപ്പോയാലും നിങ്ങൾ അവരോടൊപ്പം പോകുന്നതാണ്.

അല്ലാഹുവുമായിട്ടു ബന്ധമുണ്ടാകുകയാണെങ്കിൽ അവന്റെ മലക്കുകളോടും ബന്ധമുണ്ടാകുന്നതാണ്. നിങ്ങൾ അവരുടെ കാവൽക്കാരിലും ശിപായിമാരിലും പെടുന്നതായിരിക്കും. അവർ ജനങ്ങളുടെ മനസ്സുകളിലും ബുദ്ധികളിലും പോകുകയാണെങ്കിൽ നിങ്ങളും അവരോടൊപ്പം പോകുന്നതാണ്. പറയുന്നു, നിങ്ങൾ ആ മഹത്തായ ശക്തിയെ മനസ്സിലാക്കുക. അവരെ അല്ലാഹു നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചതാണ്. നിങ്ങളുടെ ആത്മീയശക്തിയുമായി അവർ ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ അതിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയും ജനങ്ങളുടെ മനസ്സുകൾവരെ എത്താൻ സാധിക്കുന്നതിനുവേണ്ടിയും മലക്കുകളുമായി ഏറ്റവും കൂടുതൽ ബന്ധമുണ്ടാക്കുക. നിങ്ങൾക്കു ജനങ്ങളുടെ മനസ്സുകൾവരെ എത്താൻ സാധിക്കുന്നതായാൽ എല്ലാ മറകളും അകന്നു പോകുന്നതാണ്. അല്ലാഹുവിന്റെ പ്രകാശമെത്തുന്നിടത്ത് നിങ്ങളും എത്തുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അക്കാലത്ത് ജൽസക്കു വരുന്നവരെ ഇങ്ങനെ ഉപദേശിച്ചിരുന്നു: 'നിങ്ങൾ നിങ്ങളുടെ ഉത്തരവാദങ്ങൾ മനസ്സിലാക്കുക. ഏതൊരു താൽപര്യത്തോടുകൂടിയാണോ നിങ്ങൾ ഇവിടെ വന്നത് അതു പൂർത്തിയാക്കാനുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുക. ഗുസ്തി കാണുന്നതിനുവേണ്ടി മുമ്പേ എത്തുന്നവരെപ്പോലെ നിങ്ങളും ഇവിടെ എത്തിയിരിക്കുന്നു എന്ന രീതിയിലാകരുത്. അല്ലാഹുവുമായി ബന്ധമുണ്ടാക്കുക. അല്ലാഹുവുമായി ബന്ധമുണ്ടാക്കിയ കാരണത്താൽ പിന്നീട് അവന്റെ മലക്കുകളുമായും ബന്ധമുണ്ടാകും. ഈ ആത്മീയത ജനങ്ങളുടെ ബുദ്ധിയിൽ സ്വാധീനം ചെലുത്തുമ്പോൾ നിങ്ങളുടെ ജോലി മലക്കുകൾ ചെയ്യുന്നതായിരിക്കും. അവർ എത്തുന്നിടത്ത് നിങ്ങളുടെ പേരും എത്തുന്നതാണ്. കാരണം നിങ്ങളുടെ ഉദ്ദേശ്യം നല്ലതാണ്. നിങ്ങളുടെ ആത്മീയതയിൽ അഭിവൃദ്ധിയുണ്ട്. നിങ്ങൾ അല്ലാഹുവിനുവേണ്ടി ജോലി ചെയ്യുന്നവരായിരിക്കും.'(അൽഫള്ൽ 09-01-1955, പേജ് 3 കോളം 1 വാള്യം 9/44 നമ്പർ 8)

ഹുദൂർ പറഞ്ഞു:'അടിസ്ഥാനപരമായ ഈ നിയമം എപ്പോഴും ഓർമവെക്കേണ്ടതാണ്; ജൽസയാകട്ടെ ഇജ്തിമാ ആകട്ടെ ഒരു സ്ഥലത്ത് സംഘടിക്കുമ്പോൾ, ആത്മീയതയുടെ അഭിവൃദ്ധിക്കായി സംഘടിക്കുമ്പോൾ അത് കരസ്ഥമാക്കാൻവേണ്ടി ശ്രമിക്കുകയും വേണ്ടതാണ്. നിങ്ങളുടെ മജ്‌ലിസിനെ വെറും താൽക്കാലികമായ ആത്മീയ മജ്‌ലിസാക്കരുത്. ആത്മീയമായ സ്വാധീനങ്ങൾ സ്ഥിരമായി നില്ക്കുംവിധം ആക്കിത്തീർക്കുക. പിന്നീട് മലക്കുകളും എല്ലാ സ്ഥലത്തും നമ്മളെ സഹായിക്കുന്നവരാകും. എവിടെയെല്ലാം നമ്മൾ ശ്രമിക്കുമോ അവിടെയെല്ലാം മലക്കുകളും ചേർന്ന് ശക്തിചെലുത്തുകയും നമ്മുടെ പരിശ്രമങ്ങൾ വിജയിപ്പിക്കുകയും ചെയ്യും.

യഥാർഥ മുഅ്മിൻ ഒരു സൽക്കർമം ചെയ്യുന്നതിനുമുമ്പേ അത് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കാനും പര്യവസാനം നന്നായിത്തീരാനും വേണ്ടി അധികമായ വിനയത്തോടും ഇസ്തിഗ്ഫാറോടുംകൂടി അല്ലാഹുവിനോടു കൂടുതൽ സൽക്കർമം ചെയ്യാൻ തൗഫീഖ് കിട്ടുന്നതിന് ദുആ ചെയ്യുന്നവനായിരിക്കുമെന്ന കാര്യം ഓർക്കുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: നബി(സ)തിരുമേനി ദുആ ചെയ്യുമ്പോൾ ചെമ്പിലെ വെള്ളം തിളയ്ക്കുന്നതുപോലുള്ള ശബ്ദമായിരുന്നു കേട്ടിരുന്നതെന്ന് ചില സ്വഹാബാക്കൾ പറയുന്നു. അതിനാൽ നിങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നതിന് ശ്രദ്ധിക്കുക. ഭക്തിയും പരിശുദ്ധിയും ഉണ്ടാക്കുക. നിങ്ങൾ നല്ല പ്രവർത്തികൾ ചെയ്തുകൊണ്ടിരക്കുന്നുവെന്ന് ധരിക്കണ്ട. കാരണം സൽകർമങ്ങളിലും അവിശ്വാസമുണ്ടാകാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: 'ഇക്കാലത്തുള്ളവർ ഹജ്ജ് ചെയ്ത് മടങ്ങിവരുമ്പോൾ അവരുടെ മനസ്സിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ അഹങ്കാരവും തിന്മയും ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഹജ്ജിന്റെ പൊരുൾ മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ കുറവുണ്ടാകുന്നത്. ആത്മീയമായനിലയിൽ എന്തെങ്കിലും ഫലമെടുക്കുന്നതിനു പകരം കേവലം ഹാജിയാകുന്ന കാരണത്താൽ അഹങ്കരിക്കാൻ തുടങ്ങുന്നു.' ഇതിനോടൊപ്പം അവിടന്ന് അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഫലിതവും കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു വൃദ്ധ തണുപ്പിന്റെ നാളുകളിൽ രാത്രിനേരത്ത് സ്റ്റേഷനിൽ ഇരിക്കുകയായിരുന്നു. ആരോ അവരുടെ പുതപ്പ് എടുത്തുകൊണ്ടുപോയി. അവർക്ക് തണുക്കാൻ തുടങ്ങുകയും പുതപ്പെടുത്ത് പുതക്കാൻ നോക്കുകയും ചെയ്തപ്പോൾ അത് കണ്ടില്ല. അപ്പോൾ അവർ ഉറക്കെ പറയാൻ തുടങ്ങി,'ഹാജി സഹോദരാ! എനിക്ക് ഒരു പുതപ്പെയുള്ളു, അതെനിക്ക് ആവശ്യമുണ്ട്, എനിക്കു മടക്കിത്തന്നാലും.' ആ പുതപ്പെടുത്തയാൾ അടുത്തുതന്നെ ഇരിപ്പുണ്ടായിരുന്നു. അയാൾ അവിടെനിന്ന് പോയിരുന്നില്ല. ഇതു കേട്ട് പുതപ്പെടുത്തയാൾ ലജ്ജിതനായി ആ പുതപ്പ് അവരുടെ അടുത്തുകൊണ്ടുപോയിവച്ചു. അതിനോടൊപ്പം അയാൾ ചോദിച്ചു: നിനക്കെങ്ങനെയാണ് മനസ്സിലായത് നിന്റെ പുതപ്പെടുത്തുകൊണ്ടുപോയ ആൾ ഹാജിയാണെന്ന്? അവർ പറഞ്ഞു, 'ഇക്കാലത്ത് ഇത്രമാത്രം കഠിനഹൃദയമായ പ്രവർത്തി ഹാജിക്കെ ചെയ്യാൻപറ്റുകയുള്ളു.'

അതുകൊണ്ട് നമ്മൾ സൽക്കർങ്ങളിൽ മുഴുകിയിരിക്കുകയാണെന്ന് വിചാരിക്കരുത്. നമ്മൾ സദുദ്ദേശ്യക്കാരാണെന്നും ധരിക്കരുത്. എത്ര സൽക്കർമങ്ങൾ മനുഷ്യൻ ചെയ്യുകയാണെങ്കിലും അതിൽനിന്ന് തിന്മ ഉണ്ടാകാവുന്നതാണ്. എത്ര സദുദ്ദേശ്യം മനുഷ്യൻ വെച്ചു പുലർത്തുകയാണെങ്കിലും അത് അവന്റെ ഈമാനെ അലങ്കോലപ്പെടുത്താവുന്നതുമാണ്. കാരണം വിശ്വാസം നമ്മുടെ കർമങ്ങളുടെ ഫലമായിട്ട് വരാറില്ല. പ്രത്യുത അല്ലാഹുവിന്റെ കരുണയുടെ ഫലമായിട്ടാണ് വരുന്നത്. (ഇത് അടിസ്ഥാനപരമായ കാര്യമാണ്. ഓർമവെക്കേണ്ടതാണ്.) നമ്മുടെ കർമങ്ങൾ എത്രയാണെങ്കിലും അല്ലാഹുവിന്റെ കരുണയില്ലെങ്കിൽ, അവന്റെ അനുഗ്രഹമില്ലെങ്കിൽ വിശ്വാസം സമ്പൂർണമാകുകയില്ല. അതുകൊണ്ട് നിങ്ങൾ എപ്പോഴും അല്ലാഹുവിന്റെ കരുണയിൽ ദൃഷ്ടി വെക്കുക. നിങ്ങളുടെ ദൃഷ്ടി എപ്പോഴും അവന്റെ കൈകളിലേക്ക് ഉയരട്ടെ. അല്ലാഹുവിന്റെ വാതിൽക്കൽനിന്ന് എഴുന്നേറ്റതിനുശേഷം എനിക്ക് മറ്റൊരു വാതിലും തുറക്കാനില്ലെന്ന് മനസ്സിലാക്കുന്ന യാചകനാണ് അല്ലാഹുവിന്റെ ഫള്ൽ(അനുഗ്രഹം)ആകർഷിച്ചെടുക്കുന്നത്. അതിനാൽ അല്ലാഹുവിലേക്ക് തന്നെയായിരിക്കണം നിങ്ങളുടെ ദൃഷ്ടി എപ്പോഴും ഉയരേണ്ടത്. നിങ്ങൾ നിങ്ങളുടെ ദൃഷ്ടി അതിലേക്ക് വെക്കുവോളം നിങ്ങൾ സുരക്ഷിതരായിരിക്കും. കാരണം ആരുടെ ദൃഷ്ടിയാണോ അല്ലാഹുവിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നത് അവന് ഒരു നഷ്ടവും വരുത്താൻ ആർക്കും സാധിക്കുകയില്ല. എന്നാൽ, മറ്റെങ്ങോട്ടെങ്കിലും ദൃഷ്ടി തിരിക്കുകയും അവന്റെ പടിവാതിൽക്കൽനിന്ന് ചുവട് ഉയർത്തുകയും ചെയ്താൽ(അതായത് അല്ലാഹുവിന്റെ പടിവാതിൽക്കൽനിന്ന് ചുവടു ഉയർത്തുകയും ചെയ്താൽ)എത്ര നല്ല ഉദ്ദേശ്യമാണെങ്കിലും എത്ര നല്ല പണി ചെയ്താലും അവന് ഒരു വാസസ്ഥലവും ഉണ്ടായിരിക്കുകയില്ല. എന്നല്ല അവൻ ശയ്ത്വാന്റെ കക്ഷത്ത് പോയിരിക്കുന്നു.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 216-1218)സുസ്ഥിരമായ തൗബയും ഇസ്തിഗ്ഫാറും, അല്ലാഹുവിന്റെ ഫള്ൽ ചോദിക്കലും അവനെ ആകർഷിച്ചെടുക്കാൻ ശ്രമിക്കലുമൊക്കെയാണ് ശുഭപര്യവസാനത്തിലേക്ക് കൊണ്ടുപോകുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം കേൾപ്പിക്കാറുണ്ടായിരുന്നു. പറയാറുണ്ടായിരുന്നു, ഹദ്റത്ത് അബൂബക്കർ(റ)ന്റേയോ ഹദ്റത്ത് ഉമറി(റ)ന്റേയോ (എവിടെയാണെന്ന് എനിക്ക് ശരിക്ക് ഓർമയില്ല) വീട്ടിൽ മോഷണം നടന്നു. അവരുടെ കുറച്ച് ആഭരണങ്ങൾ അപഹരിക്കപ്പെട്ടു. അവരുടെ ഒരു ജോലിക്കാരനുണ്ടായിരുന്നു. 'അല്ലാഹുവിന്റെ ഖലീഫയുടെ വീട്ടിൽ മോഷണം നടത്തുന്ന നാണംകെട്ട ഭാഗ്യഹീനനുമുണ്ടല്ലോ' എന്ന് പറഞ്ഞ് അവൻ ബഹളംവച്ചു. ആ ജോലിക്കാരൻ കള്ളന്റെമേൽ ഒരുപാട് ശാപംചൊരിയുകയും അല്ലാഹു അവന്റെ മറ നീക്കുമാറാകട്ടെ, അവനെ നിന്ദിതനാക്കട്ടെ എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. അന്വേഷണത്തിന്റെ അവസാനം അറിയാൻ കഴിഞ്ഞത് ഒരു യഹൂദിയുടെ പക്കൽ അത് പണയം വെച്ചിട്ടുണ്ടെന്നാണ്. ഈ ആഭരണം നിനക്കെവിടെ നിന്നാണ് കിട്ടിയതെന്നു യഹൂദിയോടു ചോദിച്ചപ്പോൾ ബഹളം വെക്കുകയും കള്ളന്റെമേൽ ശാപം ചൊരിയുകയും ചെയ്ത ജോലിക്കാരന്റെ പേരാണ് അയാൾ പറഞ്ഞത്.

അതിനാൽ വായകൊണ്ട് ശാപം ചൊരിയുകയോ നാവുകൊണ്ട് അനുസരണ വാദം പുറപ്പെടുവിക്കുകയോ ചെയ്യുന്നത് ഒരു വസ്തുവുമല്ല. യഥാർഥ കാര്യം കർമമാണ്. അല്ലെങ്കിൽ വെറും നാവുകൊണ്ട് അനുസരണവാദം ഉന്നയിക്കുന്നവൻ ചിലപ്പോൾ ഏറ്റവും വലിയ മുനാഫിഖും ആകാനിടയുണ്ട്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 516) അതുകൊണ്ട് ഇത് വളരെ ചിന്തനീയമായ സ്ഥാനമാണ്. നമുക്ക് ഇക്കാര്യത്തിലേക്ക് എപ്പോഴും ശ്രദ്ധകൊടുക്കേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അഹ്മദിയ്യത്തിനെ ചവിട്ടിമെതിക്കുമെന്ന് തങ്ങൾ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് വീരവാദം മുഴക്കിയ ഒരു ശത്രുവിനെക്കുറിച്ച് ഒരിടത്ത് പറയുന്നു: 'എന്നാലൊന്ന് ചവിട്ടിമെതിച്ച് നോക്ക് എന്ന് പറഞ്ഞ് എനിക്കും അത്തരത്തിലുള്ള മറുപടി അയാൾക്ക് കൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ, ഞാൻ അയാളോടു പറഞ്ഞു, 'ഉന്മൂലനം ചെയ്യുക, ചെയ്യാതിരിക്കുക, അല്ലെങ്കിൽ നിലനിറുത്തുക ഇതൊക്കെ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. അല്ലാഹു ഞങ്ങളെ ഉന്മൂലനം ചെയ്യാനാഗ്രഹിക്കുകയാണെങ്കിൽ നിങ്ങളുടെ ശ്രമങ്ങളൊന്നും ആവശ്യമില്ല. അവൻതന്നെ ഉന്മൂലനം ചെയ്യും. എന്നാൽ, അവൻ ഞങ്ങളെ നിലനിറുത്താൻ ഉദ്ദേശിക്കുന്നെങ്കിൽ ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'തഖ്‌വാ തന്നെയാണ് മനുഷ്യനെ 'ഞാൻ അങ്ങനെയാക്കും ഇങ്ങനെയാക്കും' തുടങ്ങിയുള്ള അത്തരം വീരവാദങ്ങളിൽനിന്ന് രക്ഷിക്കുന്നത്. ഞാൻ ഒരു വസ്തുവുമല്ല. തഖ്‌വാ തന്നെയാണ് ശരിയായ മറുപടി മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, ഞാൻ അവർക്ക് ഈ മറുപടിയാണ് നല്കിയത് 'ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. പക്ഷേ, അല്ലാഹു ഞങ്ങളെ നിലനിറുത്താനാഗ്രഹിച്ചാൽ നിങ്ങൾക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഞങ്ങൾ ഉന്മൂലനം ചെയ്യപ്പെടുകയുമില്ല. പറഞ്ഞു, 'തഖ്‌വാ തന്നെയാണ് മനുഷ്യനെ 'ഞാൻ അങ്ങനെയാക്കും ഇങ്ങനെയാക്കും' തുടങ്ങിയുള്ള അത്തരം വീരവാദങ്ങളിൽനിന്ന് രക്ഷിക്കുന്നത്. അത്തരം വാദങ്ങൾകൊണ്ട് എന്തു പ്രയോജനമാണുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു,'ഖാദിയാനിൽ അല്ലെങ്കിൽ മറ്റേതോ സ്ഥലത്ത് കോളറ പടർന്നു പിടിച്ചു. ഒരു ജനാസ നമസ്കരിക്കുന്ന നേരത്ത് ഒരാൾ പറഞ്ഞു, 'ഇക്കൂട്ടർ സ്വയം മരണം വിളിച്ചു വരുത്തുകയാണ്. കോളറ പടർന്നുപിടിച്ചിരിക്കുന്നു. എ

EDITOR
H.SHAMSUDDIN
Mobile : +91-94466-56123
: +91-84376-99866
e-mail : badarkerla@gmail.com
website : www.akhbarbadrqadian.in
www.alislam.org/badr

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Thursday 17 March 2016

MANAGER
NAWAB AHMAD
Tel: (0091) 1872-224757
Mobile : +91-94170-20616
e-mail : managerbadrqnd@gmail.com

ANNUAL SUBSCRIPTION Rs.300/-

ന്നാൽ, ഇക്കൂട്ടർ അശനപാനീയങ്ങളിൽനിന്ന് പിന്മാറുന്നില്ല. നല്ലവണ്ണം വയറുനിറച്ചു തിന്നുകയാണ്. കോളറയുടെ ദിനങ്ങളാണെന്ന ബോധംപോലുമില്ല എന്നിങ്ങനെ ഉറക്കെ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു. അയാൾ പറഞ്ഞു, 'നോക്കൂ, ഞാൻ ഒരു റൊട്ടിമാത്രമാണ് തിന്നുന്നത്. ഒരു ചെറിയ ചപ്പാത്തി തിന്നുന്നു. എന്നാൽ, ഈ ഭാഗ്യഹീനർ കുത്തിനിറച്ചുകൊണ്ടുപോകുകയാണ്. പിന്നീട് കോളറകൊണ്ട് മരിക്കുകയും ചെയ്യുന്നു.' രണ്ടാമത്തെ ദിവസം മറ്റൊരു ജനാസ വന്നു. ഇതാരുടേതാണെന്ന് ആരോ ചോദിച്ചു. അവിടെ ധാരാളമാളുകൾ അയാളുടെ വാക്കുകൾകേട്ട് അങ്ങേയറ്റം പൊറുതിമുട്ടിയിരുന്നു. അതുകൊണ്ട് മനസ്സ് വേദനിച്ചിരുന്ന ആരോ പറഞ്ഞു, 'ആ ഒരു റൊട്ടിതിന്നുന്നവന്റെ ജനാസയാണിത്.'

ഞങ്ങൾ അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യും എന്നു തുടങ്ങിയുള്ള ഇത്തരം വാദങ്ങൾ നടത്തുന്നതുകൊണ്ട് എന്തു ഫലമാണുള്ളത്. അതേ! അല്ലാഹു ഇങ്ങനെ ആകുമെന്ന് പറയുന്നതേ നമുക്ക് പറയാൻ സാധിക്കുകയുള്ളു. അല്ലാഹു എന്തൊന്ന് പറയുന്നുവോ അത് മറച്ചുവെക്കുക എന്നതല്ല വിനയത്തിന്റെ അർഥം. അല്ലാഹു പറഞ്ഞു: കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു.(മുജാദല 22) നിങ്ങളെ പൊടിയാക്കുമെന്ന് ഇപ്പോൾ ആരെങ്കിലും പറയുകയാണെങ്കിൽ എനിക്കവരോടു പറയാൻ കഴിയും, 'എന്റെ ശക്തിയെ കുറിച്ചാണ് പറയുന്നതെങ്കിൽ എനിക്കൊന്നും പറയാൻ പറ്റുകയില്ല. പക്ഷേ, ഈ വാക്കുകൾ അഹ്മദിയ്യത്തിനെക്കുറിച്ചാണ് പറയപ്പെട്ടിരിക്കുന്നതെങ്കിൽ അതൊരിക്കലും ഉണ്ടാകുകയില്ല. അഹ്മദിയ്യത്ത് ജയിച്ചിരിക്കുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 343)

അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഞങ്ങൾക്ക് എത്രമാത്രം ദൃഢവിശ്വാസമാണുള്ളതെന്നാൽ, അത്രയും വിശ്വാസം ഞങ്ങൾക്ക് ഞങ്ങളുടെ ജീവനിൽപോലും ഇല്ല. അതുകൊണ്ട് അഹ്മദിയ്യത്ത് വിജയിക്കേണ്ടതുതന്നെയാണ്. അത് ഞങ്ങളുടെ ജീവിതത്തിലാകാം അല്ലെങ്കിൽ ശേഷമാകാം. പക്ഷേ, നമുക്ക് ഈ വിജയത്തിൽ ഭാഗഭാക്കാകുന്നതിന് തഖ്‌വയിൽ നിലകൊള്ളേണ്ട ഒരുപാട് ആവശ്യമുണ്ട്; തലമുറ തലമുറയായി ഇക്കാര്യം നിലനില്ക്കാനും നമ്മുടെ കാലത്തല്ലെങ്കിലും നമ്മുടെ മക്കൾ അതു കാണുന്നവരായിത്തീരാനുംവേണ്ടി.

ദുആകൾ എങ്ങനെയാണ് ചെയ്യേണ്ടത്. അഹ്മദികൾക്ക് പ്രയാസങ്ങളുടെ അവസ്ഥകളാണുള്ളത്. ഇതിൽനിന്ന് എങ്ങനെ പുറത്തുവരാം. ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, 'ലോകത്ത് സ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ ദൃശ്യമെന്നു പറയുന്നത് മാതാവിന് തന്റെ മകനോടുണ്ടാകുന്നതാണ്. അല്ലെങ്കിൽ മാതാവിന് തന്റെ മക്കളോടുണ്ടാകുന്നതാണ്. ചില ഘട്ടങ്ങളിൽ മാതാവിന്റെ മുലകളിൽ പാല് വറ്റിപ്പോകാറുണ്ട്. എന്നാൽ, കുട്ടി കരയുമ്പോൾ പാലു ഇറങ്ങിവരുന്നു. കുട്ടി കരയാതെ മാതാവിന്റെ മുലയിൽ പാല് ഇറങ്ങി വരാത്തതുപോലെ അല്ലാഹുവും തന്റെ കാരുണ്യത്തെ മനുഷ്യരുടെ കരച്ചിലും നിലവിളിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. മനുഷ്യൻ നിലവിളിക്കുമ്പോൾ കാരുണ്യത്തിന്റെ പാല് ഇറങ്ങാൻ തുടങ്ങുന്നു. ഇതുകൊണ്ട് ഞാൻ പറഞ്ഞതുപോലെ നമ്മൾ അങ്ങേയറ്റം പരിശ്രമിക്കേണ്ടതാണ്. ആ പരിശ്രമം മുനാഫിഖ് ഉദ്ദേശ്യമായി എടുക്കുന്നതല്ല. അതിനുശേഷം എത്രത്തോളം ദുആകളെ മുന്നോട്ടു കൊണ്ടുപോകാമോ കൊണ്ടുപോകേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അക്കാലത്തും ഏഴു നോമ്പ് പിടിക്കാനും ദുആകൾ ചെയ്യാനും പറഞ്ഞിരുന്നു. ജമാഅത്ത് നോമ്പ് പിടിക്കേണ്ടതാണെന്ന് കുറച്ചു വർഷം മുമ്പേ ഞാനും പറഞ്ഞിരുന്നതാണ്, (ഖുത്ബാത്തെ മസ്റൂർ വാള്യം 9 പേജ് 501–502) ജമാഅത്തിൽ ഇന്നേവരെ കൃത്യമായി ഇതു പാലിച്ചുവരുന്നുവരുണ്ട്. കുറഞ്ഞത് ഇപ്പോൾ നമുക്ക് ആഴ്ചയിൽ ഒന്ന് എന്നനിലയിൽ നാല്പത് നോമ്പ് പ്രത്യേകം പിടിക്കേണ്ടതാണ്. ദുആകൾ ചെയ്യുക. ഐച്ഛികകർമങ്ങൾ(നഫ്ൽ) ചെയ്യുക. സ്വദഖകൾ കൊടുക്കുക. കാരണം ജമാഅത്തിന്റെ ചില സ്ഥലങ്ങളിലെ അവസ്ഥകൾ വളരെ കൂടുതൽ കഠിനതരമായിക്കൊണ്ടു പോകുകയാണ്. നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുമ്പോൾ, കുഞ്ഞ് കരയുമ്പോൾ മാതാവിന്റെ മുലക്കണ്ണുകളിൽ പാല് അലയടിച്ചുയരുന്നതുപോലെ അകാശത്തുനിന്ന് നമ്മുടെ റബ്ബിന്റെ സഹായം ഇൻശാഅല്ലാഹ് ഇറങ്ങുന്നതാണ്. നമ്മുടെ വഴിയിലുള്ള തടസങ്ങളും പ്രയാസങ്ങളും അകലുന്നതായിരിക്കും. മുമ്പേയും അകന്നുപൊയ്ക്കൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോഴും ഇൻശാഅല്ലാഹ് അകലുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമുക്ക് അകറ്റാൻ പറ്റാത്തതായ ചില തടസ്സങ്ങളുണ്ട്. നമുക്ക് ശത്രുവിന്റെ നാവിനെ തടയാൻ സാധിക്കുകയില്ല. അവരുടെ പേനയേയും തടയാൻ കഴിയുകയില്ല. അവരുടെ നാവിലൂടേയും പേനയിലൂടേയും എന്തൊന്നാണോ അവർ പുറന്തള്ളുന്നത് അത് വായിക്കാനും കേൾക്കാനുമുള്ള സഹനം നമുക്കില്ല. (പാക്കിസ്താനിൽ അങ്ങേയറ്റം വൃത്തികെട്ട വാക്കുകൾ ഉപയോഗിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ നോട്ടീസുകൾ പ്രസിദ്ധീകരിച്ചുവരുന്നത് നമ്മൾ ഇന്ന് കാണുന്നു. അന്ന് ഭരണകൂടത്തോടു ഇക്കാര്യം പറഞ്ഞിരുന്നു. അന്ന് ഇംഗ്ലീഷുഭരണവുമായിരുന്നു. പക്ഷേ, അവർ നമ്മൾ പറഞ്ഞത് ചെവിക്കൊണ്ടിരുന്നില്ല. പൊട്ടന്മാർ കേൾക്കുന്നതുപോലെയാണ് കേട്ടിരുന്നത്.) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് അക്കാലഘട്ടത്തിൽ പറഞ്ഞിരുന്നകാര്യങ്ങൾ മറ്റാരെയെങ്കിലും കുറിച്ച് പറഞ്ഞിരുന്നെങ്കിൽ രാജ്യത്ത് തീപിടിക്കുമായിരുന്നു. എന്നാൽ, അക്കാര്യങ്ങൾ നിരന്തരം ഹദ്റത്ത് മസീഹ് മൗഊദിനെ സംബന്ധിച്ച് പറഞ്ഞു വരുന്നു. പക്ഷേ, അതു പറയുന്നവർക്ക് ഒരു നിയന്ത്രണവുമില്ല. എന്നല്ല (അക്കാലഘട്ടത്തിലെ കാര്യമാണ്) അഹ്മദികൾക്കെതിരിൽ എന്തും എഴുതാമെന്നും ഒരു നടപടിയും ഉണ്ടാകുകയില്ലെന്നും തങ്ങൾക്ക് ഓഫീസർമാർ ഉറപ്പു തന്നിട്ടുണ്ടെന്നും വരെ പറയപ്പെട്ടതായി നമുക്ക് റിപ്പോർട്ട് കിട്ടിയിരുന്നു.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 152–153) ജമാഅത്തിനോടുള്ള ഈ പെരുമാറ്റം എന്നും നടന്നുവന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ തടസങ്ങൾക്കുമെതിരിൽ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ജമാഅത്തിന്നെ തിരിൽ ഒരു നിയമവും പാസാക്കാത്ത അക്കാലത്തെ ഭരണകൂടത്തിന്റെ അവസ്ഥയായിരുന്നു ഇത്. പാക്കിസ്താനിൽ അഹ്മദികൾക്കെതിരെ നിയമങ്ങളുമുണ്ട്. നിയമം അഹ്മദിയ്യത്തിന്റെ എതിരാളികളെ സഹായിക്കുന്നു. എതിരാളികൾ ഇച്ഛിക്കുന്നത് ചെയ്യുന്നു. വായിൽവരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ പുലമ്പിക്കൊണ്ടിരിക്കുന്നു. അഹ്മദികളെ അക്രമങ്ങൾക്ക് കുറിമാനമാക്കിക്കൊണ്ടിരിക്കുന്നു. കോടതികൾ ഇപ്പോൾ നിസാരകാര്യങ്ങളിൽ അഹ്മദികളെ ശിക്ഷിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുകയാണ്. അപ്പോൾ ഇതിനു വേണ്ടി നമുക്ക് ഒരുപാ ട് അല്ലാഹുവിന്റെ മുമ്പിൽ നിലവിളിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച് പാക്കിസ്താനിലെ അഹ്മദികൾക്ക് ഇതിലേക്ക് മുമ്പത്തേതിനെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമാണുള്ളത്. നിഷ്കളങ്കരായി അല്ലാഹവിന്റെ മുമ്പിൽ കുനിയുക. നഫ്‌ലുകൾ അനുഷ്ഠിക്കുക. സ്വദഖകൾ കൊടുക്കുക. നോമ്പ് പിടിക്കുക. ദുആകൾ കൂടാതെ, അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശം കൊള്ളിക്കാതെ നമുക്ക് വേറെ വഴികളൊന്നുമില്ല. അല്ലാഹു ഈ അക്രമം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്തെ അഹ്മദികൾക്ക് അത് ഏതു രാജ്യത്താണെങ്കിലും ഏതു സ്ഥലത്താണെങ്കിലും വേണ്ടില്ല, അല്ലാഹുവിന്റെ അർശിനെ പി ടിച്ചുകുലുക്കുംവിധമുള്ള ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. പൊതുവെ ലോകത്തുള്ള എല്ലാ അഹ്മദികളും ജമാഅത്തിന്റെ അഭുവൃദ്ധിക്കും അക്രമങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു അവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

– പേജ് 1ൽ നിന്ന്

ചെയ്യുമ്പോൾ അത് അവനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു എന്നത് എന്റെ സ്വന്തം അനുഭവമാണ്. ഈ രീതിയിൽ അവന്റെ മനസ്സിൽ സ്വയം ദൈവസ്നേഹത്തിന്റെ ഒരു ജ്വലനമുണ്ടാകുന്നു. അപ്പോൾ അത്തരം വ്യക്തി എല്ലാ വസ്തുക്കളിൽനിന്നും മാനസികമായി അകന്ന് അല്ലാഹുവിലേക്ക് കുനിയുന്നു. അവന്റെ സ്നേഹവും അഭിരുചിയും അല്ലാഹുവിനോടുമാത്രമായിത്തീരുന്നു. അപ്പോൾ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക ജ്യോതിസ്സ് അവന്റെ മേൽ പതിയുന്നു. അവന് അനുരക്തിയുടേയും സ്നേഹത്തിന്റേയും ഒരു പരിപൂർണ നിറം നല്കി ശക്തമായ ആകർഷണത്തോടുകൂടി തന്നിലേക്ക് വലിച്ചെടുക്കുന്നു. അപ്പോൾ ശരീരേച്ഛകളുടെമേൽ അവൻ വിജയം വരിക്കുന്നു. അവനെ പിന്തുണച്ചും സഹായിച്ചും എല്ലാ വശത്തൂടേയും അല്ലാഹുവിന്റെ അത്ഭുതകരമായ കർമങ്ങൾ അടയാളങ്ങളുടെ വർണത്തിൽ പ്രകടമാകുന്നു."(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാള്യം 22 പേജ് 65–67)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin